# 3

# സഭയ്ക്കുവേണ്ട കരുതൽ

## (1 തിമൊഥെയൊസ് 3)

*"... താമസിച്ചു പോയാലോ സത്യത്തിന്റെ തൂണും അടിസ്ഥാനവുമായി, ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവാലയത്തിൽ, നടക്കേണ്ടതു എങ്ങനെയെന്നു നീ അറിയേണ്ടതിന്നു ഇതു എഴുതുന്നു" (1 തിമൊഥെയൊസ് 3:15).*

ദൈവത്തിന്റെ പദ്ധതികളും കരുതലുകളും വ്യക്തികൾക്കു മാത്രമല്ല, ശരീരമാകുന്ന സഭയ്ക്കുകൂടെയാണ്. യോഗ്യതകളുള്ള മൂപ്പന്മാരാലും (3:1–7) ശുശ്രൂഷകന്മാരാലും (3:8–13) ആണ് അവന്റെ സഭയ്ക്കുവേണ്ട കരുതൽ ദൈവം രൂപപ്പെടുത്തിയിരിക്കുന്നതെന്നു പൗലൊസ് തിമൊഥെയൊസിനോടു പറയുന്നു. അവൻ സഭയിൽ നടക്കേണ്ടതിനും (3:14, 15) ക്രിസ്ത്യാനിയുടെ രക്ഷയിലുള്ള ആത്മവിശ്വാസത്തിനും (3:16) ദൈവ പദ്ധതി ഒരുക്കിയിരിക്കുന്നു.

**പാഠം 7: സഭയ്ക്കുവേണ്ട കരുതൽ - മേൽവിചാരകന്മാർ (3:1-7)**

ദൈവത്തിന്റെ കൂട്ടത്തെ ഉറപ്പോടെ നയിക്കുവാൻ മതിയായ കഴിവുള്ള ക്രിസ്തുവിൽ ആത്മികമായി ശക്തരായ വിശ്വസ്തതയുള്ള പുരുഷന്മാരുടെ അഭാവം ഇന്നു ഇടവകകൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. ധാരാളം ക്രിസ്തീയ പുരുഷന്മാർ തങ്ങൾക്കു ക്രിസ്തുവിന്റെ ശരീരത്തിൽ മൂപ്പന്മാരാകുവാൻ കഴിയുകയില്ല എന്നാണ് മനസ്സിലാക്കിയിട്ടുള്ളത്. *പുരുഷന്മാർ ഇത്തരത്തിൽ ചിന്തിക്കുവാനാണോ കർത്താവു ആഗ്രഹിച്ചത്?*

തുടർച്ചയായി ശിഷ്യന്മാരെ വളർത്തിയെടുക്കേണ്ട മനോഭാവത്തിൽ ഒരു പുനർജ്ജനനത്തിന്റെ ആവശ്യം സഭയ്ക്കു ഒഴിച്ചു കൂടാനാവാത്തതാണ്. പിന്നെ, കുറച്ചു കഴിഞ്ഞ് ഏതൊരു ഇടവകയുടെ ചരിത്രത്തിലും, സംശയമോ ഭയമോ, കലഹമോ ചോദ്യമോ കൂടാതെ പക്വതയുള്ള പുരുഷന്മാരെ കണ്ടെത്തി, തിരഞ്ഞെടുത്തു, മൂപ്പന്മാരായി നിയമിക്കണം (നോക്കുക പ്രവൃത്തികൾ 6:1–6; 11:29, 30; 14:21–23).[1]

മൂപ്പന്മാർക്കുവേണ്ട യോഗ്യതകൾ "അസാധ്യമായ" ആവശ്യങ്ങൾ അല്ല. ഈ അദ്ധ്യായവും തിത്തൊസ് 1:6-9 ഉം മിക്ക അംഗങ്ങൾക്കും അവഗണിക്കാവുന്ന വിധത്തിൽ, തിരഞ്ഞെടുത്ത ചില സ്നാനപ്പെട്ട വിശ്വാസികൾക്കുള്ളതല്ല അവ. "ഒരു ശരാശരി ക്രിസ്ത്യാനി" ആയതു കൊണ്ടു ഇനി പക്വതയിലേക്കു വളരേണ്ട എന്ന് ഒരു ക്രിസ്ത്യാനി ചിന്തിക്കരുത്. *എല്ലാ ക്രിസ്ത്യാനികളും ഇതേ അടിസ്ഥാന യോഗ്യതകൾ ക്രിസ്തുവിനെ ശരിയായി പ്രതിനിധീകരിക്കുവാനും ക്രിസ്തുവിനെ പോലെയാകാനും വളർത്തിയെടുക്കണം.* പലരും വിചാരിക്കുന്നതു മൂപ്പന്മാർ "അതീവ വിശുദ്ധരായിരിക്കും," എന്നാൽ മറ്റു സഹോദരങ്ങൾ വളരെ കുറച്ചു മാത്രം പഠിക്കുകയും, താല്പര്യമില്ലാതെ വളരുകയും, അവരുടെ പൊള്ളയായ വിഡ്ഢിത്തങ്ങൾ ഇഷ്ടപ്പെടുകയും ചെയ്യും! ആ കാഴ്ച്ചപ്പാട്, അതു നമ്മുടെ ചിന്തയെ എവിടെ കൊണ്ടെത്തിച്ചാലും, സഭയെ മേൽവിചാരണ ചെയ്യുവാൻ സഭയിലെ പുരുഷന്മാരെ നിയമിക്കുന്നതിൽ പ്രയാസം നേരിടുന്നതിൽ ഒരു പ്രധാന ഘടകമാണ്.

### പറഞ്ഞ സ്ഥാനം (വാ. 1)

*ഒരു മൂപ്പൻ എന്നാൽ എന്താണ്?* അടിസ്ഥാനപരമായി, അയാൾ തന്റെ വ്യാപാരം, സമൂഹം, പൗരസംബന്ധമായ, സ്വകാര്യമായ ആത്മീയമായ പ്രയത്നങ്ങളിൽ, ക്രിസ്തുവിന്റെ സ്വഭാവത്തെ വളർത്തിയെടുത്ത ക്രിസ്ത്യാനിയാണ്. ഒരു ഇടവകയ്ക്കു അത്തരം പുരുഷന്മാരെ ഒന്നോ രണ്ടോ ദശാബ്ദത്തിനുള്ളിൽ അംഗങ്ങൾക്കിടയിൽ നിന്നു കാണാൻ കഴിയുന്നില്ലെങ്കിൽ, പിന്നെ "സംഘടിപ്പിക്കുന്ന" തിനേക്കാൾ വലിയ പ്രയാസം നിലനില്ക്കും. അത്തരം ഇടവകയെ "ക്രിസ്ത്യാനീകരിക്കൽ" എന്നതിന്റെ ആവശ്യം പഠിപ്പിക്കേണ്ടതുണ്ട്!

"ഏറ്റവും നല്ലവരെ തിരഞ്ഞെടുക്കുക" എന്ന മനോഭാവം ശരിയല്ല. "തിരഞ്ഞെടുക്കപ്പെട്ട എല്ലാവരിൽ നിന്നും യോജിച്ചു ആവശ്യമുള്ള യോഗ്യതകൾ ഉണ്ടെന്നു" പറയുന്നതു, ദൈവശ്വാസിയ ആവശ്യകത നിറവേറ്റുന്നില്ല. ഒരു കൂട്ടർ "യോഗ്യതകൾ കണ്ടെത്തുവാൻ പ്രയാസം," എന്ന് പറയുമ്പോൾ, എതിരായി വേറൊരു കൂട്ടർ "ഏറ്റവും നല്ലവരെ" തിരഞ്ഞെടുത്ത് അതു മതി എന്നു തീരുമാനിക്കുന്ന നിലയിലേക്കു വരുന്നു. എന്നാൽ അദ്ധ്യക്ഷൻ ആകുവാൻ ആഗ്രഹിക്കുന്ന ഒരു പുരുഷനുവേണ്ട ദൈവശ്വാസിയമായ നിബന്ധന നില്ക്കുന്നതു ഇവയ്ക്കു രണ്ടിനും മദ്ധ്യേയാണ്. സഭയുടെ പ്രധാന പ്രവൃത്തികൾക്കു യോഗ്യതയും ആഗ്രഹവുമുള്ള ധാരാളം പുരുഷന്മാരെ നമുക്കാവശ്യമാണ്.

ക്രിസ്തുവിൽ ശിശുക്കളായ പുരുഷന്മാരെ ആത്മീയമായി പ്രായമുള്ളവർ പക്വതയിലെത്തുവാൻ സഹായിക്കണം. ഇതു സഭയ്ക്കുവേണ്ട ദൈവികരൂപത്തിന്റെ ഭാഗമാണ് (3:15; നോക്കുക 1 പത്രൊസ് 1:22–2:2; 2 കൊരിന്ത്യർ 5:17–21). അതു ചെയ്യുന്നവർ അതിനെ പ്രത്യേക വ്യവസ്ഥകളുള്ള ഗൗരവമായ ഒരു ജോലിയായി കാണണം.

#### ഏക ലിംഗം

പൗലൊസ് എഴുതി, "ഏതെങ്കിലും ഒരു *പുരുഷൻ*" (3:1; എംഫസിസ്

മെൻ). സ്ത്രീകൾ മൂപ്പന്മാരായുള്ള ചില മതവിഭാഗങ്ങളുടെ പ്രവർത്തനത്തെ ഇതു സ്ഥിരീകരിക്കുന്നു. ഒരദ്ധ്യായത്തിന്റെ പിരിവു നോക്കേണ്ടത് ഇവിടെയാണ്. 1 തിമൊഥെയൊസ് 2:15-നു ശേഷം പൗലൊസ് സ്ത്രീകളെ കുറിച്ചു സംസാരിക്കുന്നത് അവസാനിപ്പിച്ചു കൊണ്ട് 1 തിമൊഥെയൊസ് 3:1-ൽ പുരുഷന്മാരെ കുറിച്ചു സംസാരിക്കുവാൻ തുടങ്ങുന്നു. ഗ്രീക്കുവേദ പുസ്തകത്തിൽ "പുരുഷൻ" എന്ന വാക്ക് ഇല്ലെങ്കിലും, രണ്ടു കാരണങ്ങൾ കൊണ്ട് പൗലൊസ് ഇവിടെ പറയുന്നതു പുരുഷന്മാരെ കുറിച്ചാണ് എന്നു വ്യക്തമാണ്: (1) "മേൽ വിചാരകൻ" (ഗ്രീക്ക്.: *എപ്പിസ്ക്കോപോൺ*) എന്നതു പുല്ലിംഗ, ഏകവചന കർമ്മവിഭക്തിയാണ് (*എപിസ്കോപോസി*ന്റെ), (2) ഒരു സ്ത്രീക്കു "ഏക ഭാര്യയുടെ ഭർത്താവാകാൻ" ഒരിക്കലും, ക്രിസ്തുവിന്റെ ശാസ്ത്രത്തിൻകീഴിൽ സാധ്യമല്ല (വാക്യം. 2).

**മനോഭാവം**

പൗലൊസ് പറഞ്ഞു, "ഒരുവൻ ആഗ്രഹിക്കുന്നു എങ്കിൽ."[2] ഈ ആഗ്രഹമനോഭാവം ഒരാൾ തനിക്ക് ജോലി ചെയ്യുവാൻ *കഴിവുണ്ട്* എങ്കിലും, "എനിക്ക് മേൽവിചാരകൻ ആകുവാൻ *ആഗ്രഹ*മില്ല" എന്നു വെറുതെ പറയുന്നതുമായി യോജിക്കുന്നു. താഴെ പറയുന്ന യോഗ്യതകളിൽ ഒന്നിനു പോലും ആഗ്രഹമോ താല്പര്യമോ ആയി ബന്ധമില്ല. എന്തു കൊണ്ടാണെന്ന് ഇത് വിശദീകരിക്കുന്നു. ആവശ്യമുള്ള സ്വഭാവവും സ്വകാര്യ യോഗ്യതകളും വിവരിക്കുന്നതിനുമുൻപു വേണ്ടതായ സമീപനം പൗലൊസ് തിരിച്ചറിഞ്ഞു. പിന്നീടു, പത്രൊസ് അതേ ആശയം ഒരു മൂപ്പനെ കുറിച്ച് "നിങ്ങളുടെ വിചാരണയിലുള്ള ആട്ടിൻകൂട്ടത്തെ നിർബ്ബന്ധത്താലല്ല, ദൈവത്തിനു ഹിതമാംവണ്ണം, *മനപ്പൂർവ്വമായി* മേയിച്ചു കൊൾവിൻ" (1 പത്രൊസ് 5:2) എന്ന് എഴുതിയതിൽ ഉൾക്കൊണ്ടു. ഒരാളെ നിയമിക്കയും അയാൾ മനപ്പൂർവ്വമായി പ്രവർത്തിക്കാതിരിക്കയും ചെയ്താൽ അയാൾ കർത്താവിന്റെ ജനത്തിന്റെ വളർച്ചക്കു തടസ്സമാണ്.

പ്രധാനിയാകുവാൻ മാത്രം ആഗ്രഹിച്ച സഹോദരനായിരുന്ന ദിയൊത്രെഫേസിനെ പോലെയുള്ളവർക്കു വാതിൽ തുറന്നു കൊടുക്കുന്നവരുടെ അപകടത്തെ കുറിച്ചുള്ള ന്യായമായ ഉദ്ദേശത്തോടെയുള്ള കരുതൽ (3 യോഹന്നാൻ 9-11), അല്ലെങ്കിൽ യാക്കൊബിനെയും യോഹന്നാനെയും പോലെ, സ്ഥാനം ആഗ്രഹിക്കുന്ന ഒരുവനെ കുറിച്ചുള്ള കരുതൽ ചിലർക്കുണ്ട് (മർക്കൊസ് 10:35-37). പൗലൊസ് അടുത്ത പദപ്രയോഗത്തിലെ വാക്യം 1-ൽ ആ പ്രശ്നം പരിഹരിച്ചിരിക്കുന്നു.

**ഉത്തരവാദിത്വം**

പൗലൊസിന്റെ പ്രസ്താവനയിലെ ഗ്രീക്കു ഘടനയായ "ഒരുവൻ *അദ്ധ്യക്ഷ സ്ഥാനം* കാംക്ഷിക്കുന്നു എങ്കിൽ" (3:1; എംഫസിസ് മൈൻ)[3] എന്നതു നമുക്കു നോക്കാം. സ്ഥാനം എന്ന വാക്ക് ഗ്രീക്കിൽ ഇല്ല. ഗ്രീക്കിൽ നിന്നു അക്ഷരികമായി നൽകുന്നത് "ഒരുവൻ ഉത്തരവാദിത്വം കാംക്ഷിക്കുന്നു എങ്കിൽ, ഒരു നല്ല വേല അവൻ ആഗ്രഹിക്കുന്നു." അതു ബഹുമതിയേക്കാൾ *സുബോധമുള്ള ഉത്തരവാദിത്വമാണ്.* അതൊരു

സ്ഥാനം അല്ല, *ജോലി*യാണ്! ഈ മഹത്തായ പ്രവൃത്തിയെ ഉദ്ദേശിക്കുന്ന വാക്ക് പൗലൊസ് പുതിയ നിയമത്തിൽ "മൂപ്പൻ," "ഇടയൻ," എന്നും "മേയ്ക്കുന്നവൻ" എന്നിങ്ങനെ മാറി മാറി ഉപയോഗിച്ചിട്ടുണ്ട് (പ്രവൃത്തികൾ 20:17, 28; എഫെസ്യർ 4:11; തിത്തൊസ് 1:5, 7; 1 പത്രൊസ് 5:1–3), കെജെവിയിൽ "അദ്ധ്യക്ഷൻ" എന്നും പറഞ്ഞിട്ടുണ്ട് (തിത്തൊസ് 1:7). ആ വാക്കുകളുടെ ബന്ധം നമുക്ക് ഈ വിധത്തിൽ കാണാം:

| | |
|---|---|
| മേൽവിചാരകൻ അല്ലെങ്കിൽ അദ്ധ്യക്ഷൻ | ഉത്തരവാദിത്തവും അധികാരവും |
| മൂപ്പൻ അല്ലെങ്കിൽ പ്രെസ്ബിറ്റർ | പ്രായവും പക്വതയും |
| ഇടയൻ അല്ലെങ്കിൽ മേയ്ക്കുന്നവൻ | സേവനവും മനോഭാവവും |

**സേവനം**

"[മേൽവിചാരകൻ] *കാംക്ഷിക്കുന്നതു*[4] നല്ല വേലയാകുന്നു" എന്നാണ് പൗലൊസ് പറഞ്ഞത്. "കാംക്ഷിക്കുന്നു," എന്ന വാക്ക് "വേല," എന്നതിനോടു ബന്ധിപ്പിക്കുമ്പോൾ എല്ലാ "സ്ഥാനമോഹികളെയും" നീക്കം ചെയ്യുന്നു; "നല്ല" എന്ന വാക്ക് മൂപ്പന്മാരുടെ പ്രവൃത്തിയുമായി ബന്ധിപ്പിക്കുമ്പോൾ ആധിപത്യ മനോഭാവം നീങ്ങപ്പെടുന്നു. അതുകൊണ്ടു, ആ പദപ്രയോഗം വിരൽ ചൂണ്ടുന്നതു രക്ഷകനെ സേവിച്ചു ദൈവരാജ്യത്തിന്റെ വളർച്ച മനസ്സിൽ വെച്ചു പ്രവർത്തിക്കുവാൻ ആകാംക്ഷയുള്ള ഒരു സഹോദരനിലേക്കാണ്. ഈ മനോഭാവം താഴെ കൊടുത്തിരിക്കുന്ന യോഗ്യതകളുമായി യോജിപ്പിച്ചാൽ, ഫലം ദൈവത്തിനു ഒരു വലിയ പ്രവർത്തകൻ ഉണ്ടാകും എന്നതാണ്.

## യോഗ്യതകൾ നിരത്തിയിരിക്കുന്നു (വാ. 2-7)

മേൽനോട്ടക്കാർക്കുള്ള ഈ യോഗ്യതകളോടുള്ള സമീപനത്തിൽ നാം ശ്രദ്ധയുള്ളവരായിരിക്കണം. ദുരുപദേശം, മുൻവിധിയോടെയുള്ള ആശയങ്ങൾ, മനുഷ്യ – നിർമ്മിത നിബന്ധനകൾ എന്നിവ പലപ്പോഴും പരിശുദ്ധാത്മാവിന്റെ പ്രത്യേകതകളെ തരം താഴ്ത്തിയിട്ടുണ്ട്. ഈ മേഖലയിൽ നാം എഴുതിയിരിക്കുന്നതിനോടു കൂട്ടു ചേർക്കുകയോ, എടുത്തു മാറ്റുകയോ ചെയ്യാതെ സൂക്ഷിക്കണം!

"ഒരു മേൽവിചാരകൻ" എന്നു സൂചിപ്പിച്ചതിൽ പൗലൊസ് പ്രത്യേകതയുള്ളതായി കാണിച്ചിരിക്കുന്നു. വ്യക്തികളുടെ കൂട്ടത്തെയല്ല, ഒരു വ്യക്തിയെ സംബന്ധിച്ചാണ് പൗലൊസ് പറയുന്നത്. പൗലൊസ് പറഞ്ഞ യോഗ്യതകൾ ഓരോ പുരുഷനിലും ഉണ്ടാകണം. കൂടാതെ, ഞാൻ വിവരിച്ച രീതിയിലുള്ള പുരുഷൻ "ആകണം"[5] ആ മേൽ വിചാരകൻ എന്നും പൗലൊസ് പറഞ്ഞു. ഒരു മേൽവിചാരകൻ ഈ യോഗ്യതകൾ കൈവരിക്കണം എന്നു മാത്രമല്ല അവൻ പറഞ്ഞതു, എന്നാൽ തീർച്ചയായും, അവന് ആ യോഗ്യതകൾ ഉണ്ടായിരി*ക്കണം* അല്ലെങ്കിൽ *കെട്ടപ്പെട്ടിരിക്കണം* എന്ന് ആജ്ഞാപിക്കുകയായിരുന്നു. അതു അവന്റെ കടമയാണ്.

എങ്ങനെയായാലും, ഇവയിൽ ചിലതു ബിരുദയോഗ്യതകളാണ് എന്നു, നാം തിരിച്ചറിയണം (ഉദാഹരണമായി "നിർമ്മദൻ" എന്നതും "അതിഥിപ്രിയൻ" എന്നതും). ഈ യോഗ്യതകൾ അതേ അളവിൽ സഹോദരന്മാർ കൈവരിക്കയില്ല. യോഗ്യതയുള്ള ഒരു സഹോദരന്റെ ജീവിതത്തിൽ ആ മനോഗുണങ്ങൾ ശ്രദ്ധിക്കപ്പെടുന്നവിധത്തിൽ ഉണ്ടായിരിക്കണം എന്ന് നാം തിരിച്ചറിയണം. ഒരാൾ പലപ്പോഴും നിർമ്മദൻ ആകുന്നതിനു പകരം പരുക്കനായി പെരുമാറുകയും, സംയമനം പാലിക്കുന്നതിനു പകരം സംയമനം പാലിക്കാതിരിക്കുകയും, ബഹുമാനിക്കപ്പെടുന്നതിനേക്കാൾ നിന്ദിക്കുന്നവനാകുകയും ചെയ്താൽ, അയാൾ യോഗ്യതകളുടെ അളവു സ്വയം ഇല്ലാതാക്കി എന്നാണർത്ഥം!

ഇവിടെ രണ്ടു നിരീക്ഷണങ്ങൾ നടത്താം. ഒന്ന്, പൗലൊസ് ഉപയോഗിച്ച ഓരോ വാക്കും പദങ്ങളും നാം നിർവ്വചിക്കണം. രണ്ട്, മൂപ്പന്മാർക്കു വേണ്ട യോഗ്യതകളും *സഭയിലെ ഏതൊരംഗവും എങ്ങനെ ആയിരിക്കണം* എന്നതും തമ്മിലുള്ള ചിന്തിക്കത്തക്ക ഗൗരവമുള്ള സമാനത നാം കാണണം! ഈ നിരീക്ഷണങ്ങളെ സഹായിക്കുവാൻ, "മൂപ്പന്മാർക്കു വേണ്ട യോഗ്യതകൾ" എന്ന ചാർട്ട് നോക്കുക. അത് നാലു തർജ്ജിമകളിലും ഉള്ള വ്യത്യസ്തമായ വാക്കുകളെ കാണിക്കുന്നു: ന്യൂ അമേരിക്കൻ സ്റ്റാൻഡാർഡ്, കിങ്ങ് ജെയിംസ് വെർഷൻ, അമേരിക്കൻ സ്റ്റാൻഡാർഡ്, കൂടാതെ ദ ന്യൂ ഇന്റർനാഷണൽ വെർഷൻ. ഇതു ഏതെങ്കിലും തർജ്ജിമയെ അംഗീകരിക്കുവാനോ അംഗീകരിക്കാതിരിക്കുവാനോ അല്ല, മറിച്ചു നിലനില്ക്കുന്ന വ്യത്യാസങ്ങൾ താരതമ്യം ചെയ്യുന്നതിനു മാത്രമാണ്.

ഓരോ സഭാംഗവും ഒരു മൂപ്പന് തന്റെ ജീവിതത്തിൽ ഉള്ളതായ അതേ യോഗ്യതകളുള്ളവരായിരിക്കണം. സ്വാഭാവികമായും, സ്വർഗ്ഗത്തിലേക്കു പോകുവാൻ ഒരു സ്ത്രീയോടു ഭാര്യയാകണമെന്നോ, അവിവാഹിതനോടു വിവാഹം കഴിക്കണമെന്നോ ക്രിസ്തു ആവശ്യപ്പെട്ടിട്ടില്ല. എങ്ങനെയായാലും, ഒരു അവിവാഹിതൻ വിവാഹം കഴിക്കുന്നു എങ്കിൽ, ഒരു മൂപ്പന് ആവശ്യമുള്ള യോഗ്യത പോലെ, അയാൾ ഏക ഭാര്യയുടെ ഭർത്താവായിരിക്കണം (1 കൊരിന്ത്യർ 7:1, 2; മത്തായി 19:5, 6). മക്കൾ വേണമെന്ന് ആഗ്രഹിക്കുന്ന ഏതൊരു ദമ്പതിമാരും ആ കുട്ടികൾ ദുർന്നടത്തയോ മത്സരമോ ചുമത്താത്തവരായിരിക്കേണ്ടതിന്, അവരെ വിശ്വാസമുള്ളവരാക്കാനും, ആത്മാർത്ഥതയുള്ളവരാക്കാനും പരിശീലിപ്പിക്കുകയും ശ്രദ്ധിക്കുകയും വേണം (തിത്തൊസ് 1:6; എഫെസ്യർ 6:1–4). കൂടാതെ, ഒരു ക്രിസ്ത്യാനി ഒരു പുതിയ ശിഷ്യനായി തന്നെ ഇരിക്കുകയില്ല (എബ്രായർ 5:11–14; 1 പത്രൊസ് 3:15; 2:2).

ഈ വാക്കുകളുടെയും പദങ്ങളുടെയും തർജ്ജിമകളും നിർവ്വചനങ്ങളും യോജിപ്പിച്ചാൽ, മൂപ്പന്മാർക്കുവേണ്ട യോഗ്യതകളുടെ വ്യക്തമായ രൂപം നമുക്കു കിട്ടും.

### നിഷേധമായ

"അനിന്ദ്യൻ."[6] ക്രിസ്തുവും അപ്പൊസ്തലന്മാരും കുഴപ്പമുണ്ടാക്കുന്നതിനെ എതിർത്തിരുന്നു എങ്കിലും (നോക്കുക മത്തായി 12:2, 24; 15:2;

ലൂക്കൊസ് 13:14; പ്രവൃത്തികൾ 17:6; 24:5), സത്യത്തിൽ അവരെ ആർക്കും തെറ്റു ചെയ്തതായി കുറ്റപ്പെടുത്തുവാൻ സാധ്യമല്ല. അതു പോലെ, ഒരു മൂപ്പനെ സംബന്ധിച്ചും തെറ്റു ചെയ്തതായി ആർക്കും ആരോപിക്കുവാൻ കഴിയാതിരിക്കണം.

"വീഞ്ഞിനു അടിമപ്പെടാത്തവൻ."[7] മദ്യപാനം മാത്രമല്ല ഇവിടെ വില ക്കിയിരിക്കുന്നത്. അങ്ങനെ ആയിരുന്നുവെങ്കിൽ, ആ ആശയം പ്രകടി പ്പിക്കുവാനുള്ള വാക്കുണ്ട് എന്ന കാര്യത്തിൽ നമുക്ക് സംശയമില്ല. മൂല ഭാഷയിൽ "അധികം" എന്ന വാക്കുമില്ല. ഗ്രീക്ക് വാക്കിന്റെ അർത്ഥം "വീഞ്ഞിനു ഏല്പിക്കുന്നവൻ" എന്നാണ്. അതു സൂചിപ്പിക്കുന്നതു സ്വ തന്ത്രമായി എല്ലായ്പ്പോഴും മദ്യപിക്കുന്ന ഒരാളെന്നതിനെക്കാൾ സമചി ത്തതയുള്ള ആളുകൾക്കിടയിൽ ആചാരപ്രകാരം ചെയ്യുന്നതിനെയാണ്, എന്നിരുന്നാലും അയാൾ ഒരിക്കലും ലഹരിപിടിച്ച അവസ്ഥയിൽ[8] ആകാതിരുന്നേക്കാം.

"ശണ്ഠ ... ഇടാത്ത."[9] ശണ്ഠ ഇടുന്ന ആൾ അക്ഷരികമായി "കൈ കൊണ്ടു തല്ലുന്നവൻ" ആണ്. കുഴപ്പം നേരിടുമ്പോൾ സ്വയ - നിയ ന്ത്രണം ഉണ്ടാവാത്ത ആളാണ് അയാൾ.

"കലഹപ്രിയൻ അരുത്."[10] മൂപ്പൻ "തർക്കിക്കുവാൻ ഒരുക്കമുള്ള വൻ" ആകരുത് അല്ലെങ്കിൽ വിവാദവും കലഹവും[11] ഇഷ്ടപ്പെടുന്നവൻ ആകരുത്. അത്തരം ഒരു വ്യക്തി "ഉപയോഗശൂന്യമായി, വാക്കുകൾ ശണ്ഠക്കായി ഉപയോഗിക്കും" (2 തിമൊഥെയൊസ് 2:14). മൂപ്പന്മാർ തീർച്ച യായും ആ മനോഭാവം[12] ഒഴിവാക്കണം.

"ദ്രവ്യാഗ്രഹം ഇല്ലാത്തവൻ."[13] തിത്തൊസ് 1:7-ൽ പൗലൊസ് ഉപ യോഗിച്ച പദപ്രയോഗമാണ് "ദുർല്ലാഭമോഹി അരുത്." അത്തരം വ്യക്തി കൾക്ക് സത്യസന്ധമല്ലാത്ത രീതിയിൽ പണം സമ്പാദിക്കണം എന്നു ണ്ടാകും (1 തിമൊഥെയൊസ് 6:9). കർത്താവിന്റെ പണം അങ്ങനെ ഉള്ള വരുടെ കൈകളിൽ എത്തുന്നതു ദോഷം ചെയ്യും. യൂദാ ഇസ്ക്കാര്യോ ത്താവിനെ കുറിച്ചു ചിന്തിക്കുക (യോഹന്നാൻ 12:4-6).

"പുതിയ ശിഷ്യൻ അരുത്."[14] ഒരു പുതിയ ക്രിസ്ത്യാനി മൂപ്പൻ എന്ന സ്ഥാനത്തായിരിക്കുന്നതിനെ കാണുന്നതു ഗൗരവമായ ഉത്തരവാദിത്വ ത്തേക്കാൾ അഭിമാനസ്ഥാനമായിട്ടായിരിക്കും. ഒരു ദൈവശ്വാസിയ സന്ദേ ശവാഹകൻ എന്ന നിലയിൽ, ക്രിസ്തുവിൽ ശിശുവായ ഒരാൾ മൂപ്പനാ യാൽ, അയാൾ അഹംഭാവം കാരണം ശിക്ഷാവിധിയിൽ അകപ്പെടുവാ നിടയുണ്ട് എന്നതിൽ പൗലൊസിനു ബോധ്യമുണ്ടായിരുന്നു. അതിനു പുറമെ, കൂട്ടത്തെ ഉപദേശിക്കുവാനും മേയ്ക്കുവാനും ഒരു പുതിയ ശിഷ്യനു ബൈബിൾ പരിജ്ഞാനമോ ആത്മിയ ജ്ഞാനമോ ഉണ്ടാകില്ല.

"തന്നി - ഷ്ടക്കാരൻ അരുത്"[15] (തിത്തൊസ് 1:7). കൂടുതൽ മനസ്സി ലാക്കുവാൻ കഴിവുള്ള, ജ്ഞാനമുള്ള സഹോദരന്റെ ആഗ്രഹം കണ ക്കിലെടുക്കാതെ അയാൾ തന്റെ സ്വന്ത ഇഛയിൽ ഊന്നും. അത്തരത്തി ലുള്ള വ്യക്തി ആത്മിയ വളർച്ചക്കായി ക്രിസ്തു സ്വതന്ത്രരാക്കിയ ആത്മാ ക്കളെ അടിമകളാക്കിക്കൊണ്ട്, ഒന്നുകിൽ നല്ല ആശയത്തെ തടസ്സപ്പെ ടുത്തും അല്ലെങ്കിൽ സ്വേഛാധിപതിയായി പ്രവർത്തിക്കും.

"മുൻ - കോപി അരുത്"[16] (തിത്തൊസ് 1:7). എളുപ്പത്തിൽ കോപി

ക്കുന്ന ശാന്തമായി തീരുമാനമെടുക്കാൻ കഴിയാത്ത തലക്കനമുള്ള, എടുത്തുചാട്ടക്കാരനായ മനുഷ്യൻ. അയാൾക്കു സഭയിലെ ബുദ്ധിമുട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുവാനും സമ്മർദ്ദ സാഹചര്യങ്ങൾ ക്ഷമയോടെ കൈകാര്യം ചെയ്യുവാനും കഴിയുകയില്ല.

**ക്രിയാത്മകം**

"ഏക ഭാര്യയുടെ ഭർത്താവു."[17] ഈ യോഗ്യത സ്വയം – വിശദമാക്കുന്നതായി ആദ്യം തോന്നിയേക്കാം, അതു ധാരാളം ചർച്ചക്കുള്ള വിഷയമാണ്. ജെ. ഡബ്ളിയു. മെക്കാർവേ ഈ ഉപസംഹാരം നല്കിയിട്ടുണ്ട്:

> "ഏക ഭാര്യയുടെ ഭർത്താവു" എന്ന പ്രയോഗം മൂന്നു വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്: (1) ആദ്യ ഭാര്യ മരിച്ചാൽ, രണ്ടാമതൊരു ഭാര്യ ഉണ്ടാകുന്നതിൽ നിന്നു മാറ്റി നിർത്തുന്നതുപോലെ; (2) രണ്ടോ മൂന്നോ ഭാര്യമാരുള്ളവരെ മാത്രം മാറ്റി നിർത്തുന്നതുപോലെ; (3) അവസാനമായി ഭാര്യ ഒന്നും ഇല്ലാത്തവനെ മാറ്റി നിർത്തുന്നതുപോലെ. "ഭാര്യ" എന്നതിനോടു "ഏക" എന്ന സംഖ്യ കൂടി ചേർത്തതിനാൽ തീർച്ചയായും ഒന്നിലധികം ഭാര്യമാർ ഉണ്ടാകരുത് എന്നു സ്പഷ്ടം; ഇക്കാര്യത്തിൽ അതിൽ ഒരു വ്യത്യാസവുമില്ല. ഒരു പുരുഷനെ രണ്ടാമതൊരു ഭാര്യ ഉണ്ടാകുന്നതിൽ നിന്ന് ഒഴിച്ചുനിർത്തുന്നതു, അയാൾ മരിച്ച ഭാര്യയുടെ ഭർത്താവല്ല എന്നതുകൊണ്ടാണെന്ന് എനിക്ക് വിശ്വസിക്കുവാൻ കഴിയില്ല; അയാൾ അപ്പോഴും ഏകഭാര്യയുടെ ഭർത്താവു തന്നെ. ഒരു ഭാര്യയും ഇല്ലാത്ത ഒരാളെ അതു മാറ്റി നിർത്തുന്നുണ്ടോ? ഉണ്ട് എന്നു ഞാൻ തീർച്ചയായും കരുതുന്നു. ഒരാൾക്കു ഒരു കണ്ണും, ഒരു കൈയ്യും, ഒരു കാലും ഉണ്ടെങ്കിൽ, അയാൾ കണ്ണും, കാലും, കയ്യും ഇല്ലാത്തവൻ അല്ല! ഒരു മനുഷ്യനു ഒരു സ്നേഹിതനും, ഒരു വീടും, ഒരു കൃഷി സ്ഥലവും ഉണ്ടെങ്കിൽ, അയാൾ സ്നേഹിതനും, വീടും, കൃഷിസ്ഥലവും ഇല്ലാത്തവൻ അല്ല. അതുപോലെ, അയാൾ ഏകഭാര്യയുടെ ഭർത്താവാണെങ്കിൽ, അയാൾ ഭാര്യയില്ലാത്ത ഭർത്താവായിരിക്കയില്ല.[18]

വിവാഹത്തിലും, ഉപേക്ഷിക്കലിലും, പുനർവിവാഹത്തിലും ഒരാൾ നാലാമതൊരു സാഹചര്യം അഭിമുഖീകരിച്ചേക്കാം. പ്രധാനപ്പെട്ട ചോദ്യം ഇതാണ്: "ബൈബിൾപരമായ ഉപേക്ഷണം, പുനർവിവാഹത്തെ അനുവദിക്കുന്നുണ്ടോ?" അങ്ങനെയാണെങ്കിൽ, അയാൾ "ഏക സ്ത്രീ യുള്ള പുരുഷനാണ്." എപ്പോഴാണ് ഉപേക്ഷണം സംഭവിച്ചത്? അതു അവന്റെ മേൽവിചാര സേവനത്തെ ബാധിക്കുമോ? അത്തരം ചോദ്യങ്ങൾ പരിഗണിക്കേണ്ടതായിട്ടുണ്ട്.[19]

"ജിതേന്ദ്രിയൻ."[20] ദൈവത്തെ പ്രഥമസ്ഥാനത്തു കാണുന്നവർ തങ്ങളെക്കാൾ മറ്റുള്ളവരെ ശ്രേഷ്ഠന്മാർ എന്നു കാണും. നോക്കുക റോമർ 14:21.

"സുബോധം"[21] (ബോധമുള്ള – മനസ്സ്; ഏഎസ്വി). മൂപ്പന്മാർ ബാലി

ശമായി പെരുമാററുത് (1 കൊരിന്ത്യർ 13:11; 14:20). ഇതിൽ ശരിയല്ലാത്ത പൊട്ടച്ചൊല്ല് അല്ലെങ്കിൽ കളിവാക്ക് എന്നിവയും ഉൾപ്പെടുന്നു. ഇതേ ഗ്രീക്ക് വാക്കാണ് തിത്തൊസ് 1:8-ൽ "സുബോധ ശീലൻ" എന്നു തർജ്ജിമ ചെയ്തിരിക്കുന്നത്.

"മാന്യൻ"[22] (ക്രമമുള്ള; ഏഎസ്വി). ഒരു പുരുഷൻ തന്റെ ജീവിതവും ബിസിനസും ക്രമരഹിതമായിട്ടാണ് കൊണ്ടുപോകുന്നതെങ്കിൽ അയാൾ സഭയെയും ആ രീതിയിൽ നയിക്കും. ഇതു നശിച്ചുപോകുന്ന മനുഷ്യരെ കണ്ടുപിടിക്കുന്നതിലും, ഉത്തരവാദിത്വമില്ലാത്ത അംഗങ്ങളെ അച്ചടക്കം വരുത്തുന്നതിലും, അംഗങ്ങൾക്കിടയിലുള്ള ദ്വേഷം ഇല്ലാതാക്കി സമാധാനം പുനസ്ഥാപിക്കുന്നതിലും, അല്ലെങ്കിൽ സഹോദരങ്ങൾക്കിടയിൽ വലിയ ശക്തി വളർത്തുന്നതിലും പരാജയപ്പെടുന്നു. ഭൗതിക കാര്യങ്ങളിൽ, കണക്കു സൂക്ഷിക്കാതിരിക്കുകയും കത്തിടപാടുകൾ ശരിയായി നടത്താതിരിക്കുകയും ചെയ്യും. സഭയുടെ വളർച്ചാപഠനങ്ങൾ അസാധ്യമാകുകയും, പഠനരീതികൾ ഇടവകയുടെ ആവശ്യങ്ങൾ നേരിടുകയും ചെയ്യുന്നില്ല. സാമ്പത്തികമായി, ബില്ലുകൾ കൊടുത്തു തീർക്കാതിരിക്കുന്നു; ശക്തമായ നല്കലിനെ ഒരിക്കലും മനസ്സിലാക്കുകയോ, സഹോദരന്മാർ ഒരിക്കലും വെല്ലുവിളി നേരിടുകയോ ഇല്ല. ബഹുമാനവും ഭക്തിയും ഉത്തേജിപ്പിക്കുവാൻ രൂപപ്പെടുത്തുന്ന മാതൃകയെ ആരാധന പിൻതുടരുന്നതിനു പകരം പഴയ വഴിയെ പിൻതുടരുന്നതായി കണ്ടേക്കാം. അതു സുവിശേഷീകരണ കാഴ്ച്ചപ്പാട് ഒരിക്കലും വളർത്തി എടുക്കാതിരിക്കുകയോ, ഏതൊരു പദ്ധതി തയ്യാറാക്കിയ, ഫലപ്രദമായ കണ്ടെത്തലിന് സമയം ഉണ്ടാവുകയോ ഇല്ല. *ക്രമം നഷ്ടപ്പെട്ടാൽ അതിനു കൊടുക്കേണ്ടിവരുന്ന വില വളരെ വലുതാണ്!*

"അതിഥിപ്രിയൻ."[23] മൂപ്പന്റെ ഭവനം ഉപദേശവും ആലോചനയും തേടുന്ന ഏതൊരാൾക്കും വേണ്ടി തുറന്നിരിക്കണം. ഇടവകയെ മേയ്ക്കുവാൻ, മൂപ്പൻ അംഗങ്ങൾക്കുവേണ്ടി സമയം ചെലവിട്ടു അവരെ മനസ്സിലാക്കണം. ഓട്ടോ ഫോസ്റ്റർ ഈ നിരീക്ഷണം നടത്തിയിരിക്കുന്നു:

> തന്റെ മാതൃക മറ്റുള്ളവർ പിൻപറ്റേണ്ടതിനു ഒരു മൂപ്പനു ഉണ്ടാകേണ്ട [ഇത് ഒരു] യോഗ്യതയാണ്. അതിഥി സൽക്കാരം എന്നാൽ സഭയിൽ സന്ദർശിക്കുന്നവരോടു സ്നേഹമായി ഇടപെടുകയും ഇടവകയിലെ പുതിയ അംഗങ്ങളിൽ താല്പര്യം ഉണ്ടെന്നു കാണിക്കുകയുമാണ്. അതിഥിസൽക്കാരം കൊണ്ട് ഉദ്ദേശിക്കുന്നതു ആളുകളെ നിങ്ങളുടെ വീട്ടിലേക്കു കൊണ്ടുപോകുന്നതാണ്, അല്ലാതെ നിങ്ങൾ ഒരു സന്ദർശിക്കുന്ന ഉപദേഷ്ടാവു മാത്രം ആകരുത്, എന്നാൽ ബലഹീനരായ അംഗങ്ങൾ ശക്തരായ അംഗങ്ങളുമായുള്ള ബന്ധത്തിൽ പ്രോത്സാഹിക്കപ്പെടും. ക്രിസ്തുവിന്റെ ശരീരത്തിൽ പ്രവേശിക്കാത്ത പുറത്തുള്ളവരോടും അതിഥിപ്രിയരാകണം, അങ്ങനെ അവർ ക്രിസ്തീയ ഭവനത്തിന്റെ മനോഹാരിതയും അവിടെ ജീവിക്കുന്നവരുടെ ജീവിതവും തിരിച്ചറിയും.[24]

"ഉപദേശിപ്പാൻ പ്രാപ്തൻ."[25] "ഉപദേശിപ്പാൻ പ്രാപ്തൻ" എന്നതിന്റെ

നിർവ്വചനം പറയുന്നതു, ഒരു മൂപ്പനു ഉപദേശിക്കുന്ന താലന്തുണ്ടാകണം എന്നാണ്. പുറമെ, അയാൾക്കു ഉപദേശിപ്പാനുള്ള ആഗ്രഹം ഉണ്ടാകുകയും ആ പാടവം വളർത്തിയെടുക്കുവാനും കഴിയണം (യിരെമ്യാവു 3:14, 15; എഹെസ്ക്കേൽ 34:1–10). ജെ. ഡബ്ളിയു. മെക്കാർവേ ഒരു മൂപ്പൻ നടത്തേണ്ട ഉപദേശരീതിയെ പരിശോധിക്കയുണ്ടായി:

> എന്തുപദേശമാണ് ഇത്? അതു പ്രസംഗം അല്ല; കാരണം പ്രസംഗം ലോകത്തുള്ളവരോടാണ്, സഭയോടല്ല, ഒരു മൂപ്പന്റെ വേല സഭയ്ക്കുള്ളിലൊതുങ്ങണം. അപ്പൊസ്തലിക ആജ്ഞയിലെ രണ്ടാം ഭാഗത്തു സൂചിപ്പിച്ചിരിക്കുന്ന ഉപദേശമാണ് അത് എന്നു വ്യക്തമാണ്: "ഞാൻ നിങ്ങളോടു കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചു കൊൾവിൻ." അപ്പോൾ, പിന്നെ, മൂപ്പന്മാരുടെ ജോലി അപ്പൊസ്തലന്മാരുടെ ജോലിയുമായി ബന്ധപ്പെട്ടതായിരുന്നു, അപ്പൊസ്തലന്മാർ അവരുടെ കാലത്തു ചെയ്തതുപോലെയാണ് ഇന്നു നാം അതു ചെയ്യേണ്ടതും അതേ മാർഗ്ഗമാണ് സ്വീകരിക്കേണ്ടതും. പൗലൊസ് തന്റെ ആ പട്ടണത്തിലെ വേലയെ സംബന്ധിച്ച് എഫെസൊസിലെ മൂപ്പന്മാരോടു പറയുമ്പോൾ അവൻ സ്വീകരിച്ച രീതി വിവരിക്കുന്നുണ്ട്, "സങ്കോചം കൂടാതെ പ്രയോജനമുള്ളതു ഒന്നും മറച്ചുവെക്കാതെ, *പരസ്യമായും വീടുതോറും നിങ്ങളോടു അറിയിക്കയും ഉപദേശിക്കയും ചെയ്തു.*" ഇതു അവൻ അവർക്കു ഒരു ദൃഷ്ടാന്തമാക്കിവെച്ചു (പ്രവൃത്തികൾ 20:35); അതുകൊണ്ടു അവർ പരസ്യമായി മാത്രമല്ല ഓരോ വീടുകൾ തോറും ഉപദേശിച്ചുവന്നു എന്നു നാം മനസ്സിലാക്കുന്നു.[26]

"ശാന്തൻ."[27] ഇതു ഒരമ്മക്കു തന്റെ കുഞ്ഞിനോടുള്ള മനോഭാവം എന്ന പോലെ, മറ്റൊരാളുടെ വികാരത്തെ മാനിക്കുന്ന, പരിഗണിക്കുന്ന ഒരാളുടെ മനോഭാവം ആണ് കാണിക്കുന്നത് (1 തെസലൊനിക്യർ 2:7–12).

"സ്വന്ത കുടുംബത്തെ[28] നന്നായി ഭരിച്ചുകൊണ്ട്, എല്ലാ അന്തസ്സോടും കൂടി അയാളുടെ മക്കളെ നിയന്ത്രണത്തിലാക്കുക." ഇതു ഒരാളുടെ മക്കളെ കുറിച്ചാണ് പറയുന്നതു, എങ്കിലും മറ്റുള്ളവരും ഉൾപ്പെടുന്നു എന്നു ശ്രദ്ധിക്കുക. മൂപ്പൻ തന്റെ കുടുംബത്തെ നന്നായി *ഭരിക്കണം.*[29] ഈ ഉത്സാഹത്തോടും, ശ്രദ്ധയോടും, കരുതലോടും, നിയന്ത്രിച്ചുകൊണ്ടും, കൂടാതെ തന്റെ നിലപാടിൽ ഉറച്ചുനില്ക്കുന്ന, ഒരു മൂപ്പന്റെ കുട്ടികൾ വാസ്തവമായും *കീഴ്പ്പെട്ടിരിക്കും.*[30]

ഇത്തരം കീഴ്പ്പെടൽ നേടിയെടുക്കേണ്ടത് എല്ലാ "മഹത്വ"[31] ത്തോടും കൂടെ ആയിരിക്കണം. മൂപ്പൻ പിതാവിനെ പോയി നയിക്കുന്നതിനോടും മക്കളുടെ പ്രതികരണം ചേർക്കുന്നതിനോടുമൊപ്പം തിത്തൊസ് 1:6–ൽ നിന്നു ചില ചിന്തകളും ചേർക്കാം: "... ദുർന്നടപ്പിന്റെ ശ്രുതിയോ മത്സരമോ ഇല്ലാത്ത, വിശ്വാസികളായ മക്കൾ ഉണ്ടായിരിക്കുക."

വീണ്ടും, പൗലൊസിന്റെ ഭാഷ പരിശോധിക്കുന്നതു വിലയുള്ളതാണ്. "വിശ്വാസം" എന്ന വാക്ക് ശ്രദ്ധിക്കുക. *പിസ്റ്റെയിയോ* എന്ന ക്രിയയുടെ നിർവ്വചനം, "വിശ്വസിക്കുക," എന്നാൽ "സത്യമാണെന്നു വിചാരിക്കു

ക: പ്രേരിപ്പിക്കപ്പെടുക ... ആത്മവിശ്വാസത്തിലാകുക എന്നാണ് ..."[32] ഇതു പ്രത്യേകിച്ച് പ്രായോഗികമാകുന്നത് ഒരാൾ ക്രിസ്തുവിൽ വിശ്വസിച്ചു ജീവിതം അവനുവേണ്ടി അർപ്പിക്കുന്നതിലാണ്. അതു തിരുവചനത്താൽ, നിർവ്വചിക്കുന്നതു, തിത്തൊസ് 1:6 ലുള്ളവരടക്കം വാസ്തവത്തിലുള്ള വിശ്വാസികളെയാണ്.

മൂപ്പന്മാരുടെ മക്കൾ കുറ്റപ്പെടുത്തുവാൻ തക്കവണ്ണം ദുർന്നടത്തയുള്ള ജീവിതം നയിക്കരുത്.[33] അവർ മത്സരിക്കുന്നവരുമാകരുത്.[34] ഈ രണ്ടു ആവശ്യകതകൾ അതിന്റെ എതിരായതു പ്രകടിപ്പിക്കയാണ് – നിഷേധിക്കുന്ന – അതായതു മൂപ്പന്റെ മക്കൾ കീഴ്പ്പെട്ടിരിക്കണം എന്നതിന് എതിരായത് സൂചിപ്പിച്ചിരിക്കുന്നു. ദ എൻഐവി പറയുന്നതു, "ഒരു മൂപ്പന്റെ ... മക്കൾ വിശ്വസിക്കുന്നവരും ക്രൂരസ്വഭാവമുള്ളവരെന്നും അനുസരണമില്ലാത്തവരെന്നും കുറ്റം ചുമത്താത്തവർ ആയിരിക്കണം."

---

### *മൂപ്പന്മാരെയും അവരുടെ മക്കളേയും കുറിച്ചുള്ള ചോദ്യങ്ങളും നിരീക്ഷണങ്ങളും*

1. *ഒരു മൂപ്പനു വിശ്വസിക്കുന്ന ഒന്നിലധികം മക്കൾ വേണോ?*[35] പ്രത്യേക പുരുഷനു പ്രത്യേക യോഗ്യതകൾ വേണമെന്നു പൗലൊസ് പറയുമ്പോൾ, "ബഹുവചനത്തിൽ (മക്കൾ) എന്നതിന്റെ ഏകവചനം ആവശ്യമെന്നു മനസ്സിലാക്കേണ്ടതുണ്ടോ"? സന്ദർഭത്തിലെ ഉദ്ദേശത്തിന്റെ ഊന്നൽ മക്കളുടെ *സംഖ്യയ്ക്കാണോ* അതോ അവരുടെ *സ്വഭാവ*ത്തിനാണോ?

1 തിമൊഥെയൊസ് 5:16 പോലെയുള്ള വേദഭാഗം (അതിൽ തിത്തൊസ് 1:6 ലേതുപോലെ ഗ്രീക്കിലോ അല്ലെങ്കിൽ ഇംഗ്ലീഷിലോ അടിസ്ഥാനഘടന ഒന്നു തന്നെയാണ്) മക്കളുടെ *സ്വഭാവ*ത്തിനാണ് ഊന്നൽ കൊടുത്തിരിക്കുന്നതു എന്ന് എന്നെ ബോധ്യപ്പെടുത്തുന്നു, അതുകൊണ്ടു ഒരു പുരുഷനു ദുർന്നടത്തയുടെയോ മത്സരത്തിന്റെയോ ശ്രുതിയില്ലാത്ത ഒരു കുട്ടിയാണുള്ളതെങ്കിലും അയാൾ യോഗ്യനാണ്. (ഉല്പത്തി 21:7 ലെ "കുട്ടി" യും "കുട്ടികൾ" എന്നതും പരിഗണിക്കുക; മർക്കൊസ് 10:29; ലൂക്കൊസ് 20:29–31; 1 തിമൊഥെയൊസ് 5:4; 1 കൊരിന്ത്യർ 7:14.)

അംഗസംഖ്യ കൂടുതലാണ് എങ്കിൽ, രക്ഷകർത്തൃത്വപാടവവും, മേൽനോട്ടത്തിനുള്ള പാടവവും ആ വാക്കിൽ പറഞ്ഞിരിക്കുന്നതിൽ നിന്നു വർദ്ധിക്കും. രണ്ടു മക്കൾ ഉള്ള ഒരു മനുഷ്യനേക്കാൾ പത്തു മക്കളുള്ള പുരുഷനു നേതൃത്വപാടവം വർദ്ധിക്കുമോ? ഒരു കുട്ടിയുള്ള പുരുഷനേക്കാൾ രണ്ടു മക്കളുള്ള ഒരാൾക്കു, ബഹുത്വം ലഭിക്കുവാൻ, ഇരട്ടി കഴിവ് ഉണ്ടാകുമോ? ഇതു വിലയുള്ള ഒരു സഹായി ആണെങ്കിൽ, ചെറിയ ഇടവകയിലുള്ള മൂപ്പന്മാരേക്കാൾ കൂടുതൽ മക്കൾ വലിയ ഇടവകയിലുള്ള മൂപ്പന്മാർക്ക് കാണുകയില്ലേ? അത്തരം കാരണം ആരാണ് വിശ്വസിക്കുക? പ്രത്യുൽപാദനത്തിനുള്ള ജീവശാസ്ത്രപരമായ ഒരാളുടെ കഴിവിനല്ല ഊന്നൽ കൊടുത്തിരിക്കുന്നത്, പിന്നെയോ ദൈവജനങ്ങളിൽ ആത്മിയ യോഗ്യതകൾ വളർത്തേണ്ടതിനുള്ള ഒരാളുടെ നേതൃത്വത്തിനാണ്.

ഒരു പിതാവിന്റെ കുടുംബപരമായ കഴിവോ, ദീർഘവീക്ഷണമോ തീരുമാനിക്കുന്നതു അയാളുടെ മക്കളുടെ അംഗസംഖ്യയനുസരിച്ചാണെന്നു ബൈബിളിൽ ഒരിടത്തും സൂചനയായിട്ടോ, അല്ലെങ്കിൽ വിശദമായി പറയുകയോ ചെയ്യുന്നില്ല. ഒരു പിതാവിനു ഒരു മകനെയോ മകളെയോ ക്രിസ്തുവിൽ വിശ്വസ്തമായി വളർത്തിയെടുക്കുവാൻ കഴിയുമെങ്കിൽ അയാൾക്കു രണ്ടുപേരെ വളർത്തുവാനും കഴിയുമെന്നല്ലേ അത് കാണിക്കുന്നത്? ഒരാൾക്കു ഒരു കുട്ടിയുണ്ടായിട്ട് അവനെ അല്ലെങ്കിൽ അവളെ ക്രിസ്തുവിൽ വിശ്വസ്തമായി വളർത്തുവാൻ കഴിയുന്നില്ലെങ്കിൽ, അയാൾക്കു രണ്ടോ മൂന്നോ മക്കൾ ഉണ്ടായാൽ അവരെ ക്രിസ്തുവിൽ വളർത്തുവാൻ കഴിയും എന്നുറപ്പുണ്ടോ? നാം സംഖ്യക്കു അമിത പ്രാധാന്യം കൊടുത്തു, മക്കളുടെ പ്രകൃതത്തെയും സ്വഭാവത്തെയും കാണാതെ പോകരുത്. കുടുംബം എത്ര *വലുതാ*ണെന്ന് ചിന്തിച്ച് അതിന്റെ *മനോഹാരിതയെ* കാണാതെ പോകരുത്!

2. *ഒരു മൂപ്പനു രണ്ടു വിശ്വസ്തരായ മക്കൾ ഉണ്ടാവുകയും ഒരാൾ അവിശ്വസ്തനോ അവിശ്വസ്തയോ ആയാൽ, അയാൾ രാജിവെക്കണോ?* ആദ്യം, അയാൾ ആ അവിശ്വസ്ത മകനെയോ മകളെയോ എല്ലാ കഴിവും ഉപയോഗിച്ചു കൂട്ടത്തിലേക്കു കൊണ്ടുവരുവാൻ ശ്രമിക്കണം – സഹോദരന്മാർ അതു മനസ്സിലാക്കി അയാൾക്കു അതിനുള്ള സമയം കൊടുക്കണം. ദൈവം ഓരോരുത്തർക്കും അവനവന്റേതായ ഇഷ്ടത്തിനനുസരിച്ചു പ്രവർത്തിക്കുവാൻ സ്വാതന്ത്ര്യം കൊടുത്തിട്ടുള്ളതിനാൽ, മകനെയോ മകളെയോ തിരിച്ചുകൊണ്ടുവരാൻ സ്നേഹത്തോടെയുള്ള ബൈബിൾപരമായ എല്ലാ പരിശ്രമങ്ങളെയും അവിശ്വസ്തനായ കുട്ടി എതിർത്തേക്കാം. അങ്ങനെയാണെങ്കിൽ, ആ മൂപ്പൻ തന്റെ സ്വന്തം കുട്ടിയുമായുള്ള കൂട്ടായ്മയിൽ നിന്നു വിട്ടു നില്ക്കണം (ആവർത്തനപുസ്തകം 21:18–21; മത്തായി 18:15–18; 2 തെസലൊനിക്യർ 3:6, 14, 15). അങ്ങനെയുള്ള ഒരു മൂപ്പൻ കർത്താവിൽ വിശ്വസ്തൻ ആണെന്നു തെളിയിച്ചിരിക്കുന്നു. അയാൾ തന്റെ മുടിയനായ പുത്രനെയോ പുത്രിയെയോ തിരിച്ചുകൊണ്ടു വരുന്നു എങ്കിൽ, അയാൾ വാസ്തവമായും നമ്മുടെ ആത്മാക്കളെ കുറിച്ചു ജാഗ്രതയുള്ളവനാണെന്നു തെളിയിച്ചിരിക്കുന്നു (എബ്രായർ 13:17).

മൂപ്പന്റെ മകനോ മകളോ തുടർച്ചയായി അവിശ്വാസത്തിൽ ജീവിക്കുകയും മൂപ്പൻ ആ കുട്ടിയെ യഥാസ്ഥാനപ്പെടുത്തുകയോ അതിനെ കുറിച്ചു വിചാരപ്പെടുകയോ ചെയ്യാതിരുന്നാൽ, അയാൾ ഇടവകയിലെ ആത്മാക്കളെ സൂക്ഷിക്കുവാൻ അയോഗ്യൻ എന്നു തെളിയിച്ചിരിക്കുന്നു. പിന്നെ അയാൾ മൂപ്പൻ ആയിരിക്കുവാൻ യോഗ്യനുമല്ല, അയാൾ ആ ജോലിയിൽ വിശ്വസിക്കാവുന്നവനുമല്ല. കുഴപ്പങ്ങളുള്ള ഒരു കുടുംബത്തിന്റെ സാഹചര്യത്തിനു ന്യായമായ പരിഹാരങ്ങൾ നിർദ്ദേശിക്കേണ്ടതിന് എങ്ങനെ അയാളിൽ വിശ്വാസം അർപ്പിച്ചു അയാളുടെ ഉപദേശം സ്വീകരിക്കും?

3. *ഒരു പുരുഷനു രണ്ടു വിശ്വസ്തരായ മക്കൾ ഉണ്ടാവുകയും അതിൽ ഒരു കുട്ടി ക്രിസ്ത്യാനിയാകുവാൻ പ്രായമാകാതിരിക്കയും ചെയ്താൽ, അയാളെ മൂപ്പനായി തിരഞ്ഞെടുക്കാമോ?* ആ സഹോദരനു

തീർച്ചയായും ദുർന്നടത്തയോ കലഹമോ ചുമത്തപ്പെടാത്ത വിശ്വസ്ത രായ മക്കളാണുള്ളത്. അയാളുടെ യോഗ്യതകൾ അയാളുടെ സ്വകാര്യ മായ നിലപാടുമായി യോജിക്കുന്നു. ഒരു സഹോദരനു രണ്ടു വിശ്വസ്ത രായ മക്കൾ ഉള്ളപ്പോൾ, അയാളെ മൂപ്പനായി തിരഞ്ഞെടുക്കയും, രണ്ടു മാസങ്ങൾക്കുശേഷം അയാളുടെ ഭാര്യ ഗർഭിണിയാവുകയും ചെയ്താൽ, അയാളെ മൂപ്പനായി തിരഞ്ഞെടുക്കുവാനും നിയമിക്കുവാനും സാധ്യമ ല്ലെങ്കിൽ എന്തു സംഭവിക്കും? അയാൾ, ഏഴു മാസം കഴിഞ്ഞ്, പന്ത്ര ണ്ടുവർഷമോ (അതിൽ കൂടുതലോ) അവസാനത്തെ കുട്ടി വിശ്വസ്ത നായി/വിശ്വസ്തയായി തീരുന്നതുവരെ രാജിവെച്ചു കാത്തിരിക്കണോ?

4. *ഒരു മൂപ്പന്റെ മക്കൾ അയാളോടുകൂടെ താമസിക്കുന്നില്ലെങ്കിൽ അയാളുടെ മക്കൾക്കുവേണ്ടി അയാൾ കണക്കു കൊടുക്കേണമോ? തന്റെ മക്കൾ (ഇപ്പോൾ എവിടെയോ ജീവിക്കുന്നു) അവിശ്വസ്തരായി കഴിയുകയാണെങ്കിലും ഒരു പുരുഷനു വിശ്വസ്തമായി സേവനം നട ത്തുവാൻ കഴിയുമോ?* ആദ്യമായി, 3:4 ലെ "അവന്റെ സ്വന്തകുടുംബം" എന്നതിന്റെ നിർവ്വചനം നോക്കുക. അതിനർത്ഥം, മറ്റു കാര്യങ്ങളോടൊ പ്പം, "ഒരു കുടുംബമായി, ഗൃഹനാഥൻ ആയി തീരുന്ന എല്ലാവരും ... ഒരാ ളുടെ പിൻഗാമികളാണ്." ഈ നിർവ്വചനം "കൂരക്കു കീഴിൽ" താമസി ക്കുന്ന കുട്ടികൾ എന്ന ആശയത്തിനപ്പുറം പോകുന്നു. രണ്ടാമതു, 1 തിമൊ ഥെയൊസ് 5:3–5 ഒരു കുട്ടി വീടു വിട്ടുപോയാലും ബാധകമായി പറ ഞ്ഞിരിക്കുന്നു. നമ്മുടെ കുടുംബാംഗങ്ങളോടു അവർ നമ്മോടൊപ്പം താമ സിച്ചാലും ഇല്ലെങ്കിലും (രോഗമോ ആപത്തോ വരുമ്പോൾ എന്നപോ ലെ), നമുക്കു പ്രത്യേക കടമയുണ്ട് എന്നു നാം അടിസ്ഥാനപരമായി മനസ്സിലാക്കണം. മൂന്നാമതു, സദൃശവാക്യങ്ങൾ 22:6 നാം പരിഗണിക്കേ ണ്ടതായ ഒരു തത്വത്തെ വിവരിക്കുന്നു: ഒരു കുട്ടി പിന്നീട് അവിശ്വസ്ത മായി ജീവിച്ചാൽ, വീട്ടിൽ *പരിശീലനത്തിന്റെ* കുറവുണ്ടായിരുന്നോ? നമ്മുടെ കുട്ടികളെ പരിശീലിപ്പിക്കുക എന്നത് "അവർ ആരാധനക്കു പോകുന്നുണ്ടോ എന്നു ശ്രദ്ധിക്കുക" എന്നതിനേക്കാൾ പ്രാധാന്യമുള്ള താണ്. നാലാമതു, ഒരു മൂപ്പന്റെ മക്കൾ അവിശ്വസ്തരായി തീർന്നാൽ, സഹോദരങ്ങൾ അവരുടെ കുടുംബ പ്രശ്നങ്ങൾ പരിഹരിക്കുവാൻ അയാളെ ആശ്രയിക്കുമോ? അപ്പോൾ അയാളെ ഏല്പിച്ച കർത്താവിന്റെ വേല അയാൾക്കു ചെയ്യുവാൻ കഴിയുമോ? എന്റെ വ്യക്തിപരമായ വിശ്വാസം ഇങ്ങനെയുള്ള സാഹചര്യത്തിലുള്ള ഒരാൾക്ക് കർത്താവിന്റെ വേല ഒരു മൂപ്പൻ എന്ന നിലയിൽ നിർവ്വഹിക്കുവാൻ അയോഗ്യനാണെ ന്നാണ്.

ഈ സഹായ നിർദ്ദേശങ്ങൾ ഉയർന്നു വരാവുന്ന മറ്റു ചോദ്യ ങ്ങൾക്കും ഉത്തരം കണ്ടെത്തുവാൻ സഹായിക്കും. ഇനി നമുക്കു പൗലൊസ് പ്രത്യേകമായി പറഞ്ഞിരിക്കുന്ന ലിസ്റ്റിലേക്ക് വരാം.

---

"പുറമെയുള്ളവരോടു നല്ല സാക്ഷ്യം കൊണ്ടവൻ."[36] അതിനർത്ഥം അയാൾക്കു സഭയ്ക്കു പുറത്തുള്ളവർക്കിടയിലും ലോകത്തിലും നല്ല മതിപ്പു ഉണ്ടാകണം എന്നാണ്. ആരോ പറഞ്ഞു, "മോശമായ ഭൂതകാല

മോ മോശമായ സൽപ്പേരും ഉള്ള ഒരാൾക്ക് തന്റെ തെറ്റുകളിൽ നിന്നു മാനസാന്തരപ്പെടാം, അയാൾ വിശ്വസ്തനായി തുടരുകയാണെങ്കിൽ അയാളുടെ ജീവിതം മാറ്റി എക്കാലവും ദൈവത്തോടൊപ്പം ജീവിക്കുവാൻ അവന്റെ ഭവനത്തിലേക്കു പോകാം, എന്നാൽ അയാൾക്കു സഭയിൽ മൂപ്പനാകുവാനുള്ള യോഗ്യത ഇല്ല."[37] *മുൻപറഞ്ഞ പ്രസ്താവനയെ നാം കർശനമായി എടുക്കാതിരിപ്പാൻ സൂക്ഷിക്കണം.* ഉദാഹരണമായി, 1 പത്രൊസ് 5:1-ൽ നിന്നു പത്രൊസ് ഒരു മൂപ്പനായിരുന്നു എന്നു നമുക്ക് അറിയാം. എങ്ങനെയായാലും, അവന്റെ ബഹുമതി എല്ലായ്പ്പോഴും കുറ്റമറ്റതായിരുന്നില്ല; മുൻപു, അവൻ കർത്താവിനെ അറിയുന്നില്ല എന്നു തള്ളി പറഞ്ഞതാണ് (മത്തായി 16:22, 23; 26:69–75; യോഹന്നാൻ 18:10, 11).

"സൽഗുണ പ്രിയൻ"[38] (തിത്തൊസ് 1:8). ഒരാൾ നല്ല ഗുണത്തെ ഇഷ്ടപ്പെട്ടാൽ, അയാൾ നല്ലതിനെ അന്വേഷിക്കും. തന്നിൽ അന്വേഷിക്കുന്നത്, അയാൾ മറ്റുള്ളവരിലും ഉണ്ടാകുവാൻ പ്രോത്സാഹിപ്പിക്കും.

"നീതിമാൻ"[39] (തിത്തൊസ് 1:8) ബഹുവിധമായ പ്രശ്നങ്ങളിലും, വിവിധ ശക്തികളെയും, പല വ്യക്തികളിലും ഇടപെടേണ്ട ഒരാളാണ് മൂപ്പൻ. ഉത്തരവാദിത്വവും അധികാരവും ഏല്പിച്ചുകൊടുക്കുമ്പോൾ, അവന് ന്യായവും നീതിയും പുലർത്തേണ്ടത് എത്ര പ്രാധാന്യമുള്ളതാണ്! സഭയെ അച്ചടക്കത്തിൽ നയിക്കുന്ന പ്രധാന മേഖലയിൽ, ഒരു മൂപ്പന്റെ തീരുമാനം ദുരഭിമാനമോ, സ്വന്ത ഇഛയോ, സ്വാർത്ഥതയോ കൂടാതെയുള്ളതായിരിക്കണം (1 കൊരിന്ത്യർ 6:4–9 നോക്കുക).

"നിർമ്മലൻ"[40] (തിത്തൊസ് 1:8; "വിശുദ്ധൻ"; ഏഎസ്‌വി). വിശുദ്ധനാകുക എന്നതു എന്തൊരു വെല്ലുവിളിയാണ്! ഒരു മൂപ്പന്റെ ജോലി പൂർത്തിയാക്കുവാൻ ശ്രമിക്കുന്ന ഒരാൾക്ക് വിചാരത്തിലും പ്രവൃത്തിയിലും വിശുദ്ധിയുണ്ടാവുക എന്നതു വാസ്തവത്തിൽ വലിയ നേട്ടമായിരിക്കും (1 പത്രൊസ് 1:15, 16; ലേവ്യാപുസ്തകം 11:44, 45; 19:2; നോക്കുക മത്തായി 5:48).

"ജിതേന്ദ്രിയൻ"[41] (തിത്തൊസ് 1:8). തന്നെ നിയന്ത്രിക്കുവാൻ കഴിയാത്ത ആളുടെ ബഹുമാനം പെട്ടെന്ന് ഇല്ലാതാകും. ഒരു മൂപ്പൻ പല സ്വഭാവക്കാരെ അഭിമുഖീകരിക്കുമ്പോൾ ഒരുപക്ഷെ ഇതൊരു പരിശോധന ആയേക്കാം.

## ചുരുക്കത്തിൽ

ഒരു മൂപ്പനു ഇവയിൽ ചില യോഗ്യതകൾ *ഇല്ല* എങ്കിലും അയാൾ കർത്താവു നിയോഗിച്ചതായ പ്രവൃത്തി ചെയ്യുവാൻ യോഗ്യനാണോ? അസാധ്യമായ ഏതെങ്കിലും യോഗ്യതകൾ ഉണ്ടോ?

യോഗ്യതളെ ചിലർക്കു യോജിക്കുന്ന വിധത്തിൽ ആക്കുവാൻ നാം ശ്രമിക്കരുത്, കാരണം വ്യക്തികളാണ് ആ യോഗ്യത കൈവരിക്കേണ്ടത്. നിലവാരം വെച്ചിരിക്കുന്നതു ദൈവമാണ് മനുഷ്യർ അതിനോടു കൂട്ടുകയോ അതിൽ നിന്നു എടുത്തു കളയുകയോ ചെയ്താൽ അയ്യോ കഷ്ടം.[42] "അച്ചിനെ കോട്ടലും ചുരുട്ടലും വരുത്തുവാൻ കീഴ്പ്പെടുത്തി, അവസാനം ആ വ്യക്തിക്കു യോജിക്കുന്നതാക്കിയാൽ, ആ വ്യക്തിയിൽ നിന്ന് തന്റെ ജീവിതത്തെ വളർത്തുവാനുള്ള എല്ലാ അവസരങ്ങളും

എടുത്തു കളയുകയാവും. അയാൾ വിചാരിക്കും അയാൾ ആയിരിക്കുന്നതുപോലെ തന്നെ മതി എന്ന്. ദൈവം ക്ഷമിക്കട്ടെ."[43]

തിരുവെഴുത്തിൽ[44] മൂപ്പന്മാർക്കു നിർദ്ദേശിച്ചിട്ടുള്ള പ്രവൃത്തികളെ കുറിച്ചു കൂടുതൽ പഠിക്കുന്നതു നന്നായിരിക്കും അപ്പോൾ അവരുടെ യോഗ്യതകൾ നാം നിരീക്ഷിച്ചതുമായി ബന്ധപ്പെട്ടു സമാന്തരമായി കാണുകയും ചെയ്യാം. തെളിയുന്നതു എത്ര മനോഹരമായ യോജിപ്പാണ്! മൂപ്പന്മാരുടെ സുബോധമുള്ള പ്രവൃത്തികൾക്ക് ഈ യോഗ്യതകൾ അനിവാര്യമാണ്. ദൈവജ്ഞാനം തീർച്ചയുള്ളതാണ്. സേവിക്കേണ്ട ജോലിക്ക് യോജിച്ച മനുഷ്യനെ പരിശുദ്ധാത്മാവു എത്ര ഉത്തമമായി തിരഞ്ഞെടുത്തു! ദൈവിക നിർദ്ദേശത്തിൽ നമുക്കു കീഴ്പ്പെട്ടിരിക്കാം അങ്ങനെ പരിശുദ്ധാത്മനിറവുള്ളവർ നമ്മെ കാത്തുസൂക്ഷിക്കേണ്ടതിനും സേവനത്തിന്റെയും ആത്മിയതയുടെയും ഉയരത്തിലേക്കു നയിക്കേണ്ടതിനും തിരഞ്ഞെടുത്തവർ ആയിത്തീരട്ടെ (പ്രവൃത്തികൾ 20:28; എബ്രായർ 13:7, 17).

## പാഠം 8: സഭയ്ക്കുവേണ്ട കരുതൽ - ശുശ്രൂഷകന്മാർ (3:8-13)

സഭയ്ക്കു മേൽവിചാരകന്മാർ ഉണ്ടാകണം എന്നു നാം കണ്ടു. ആരെയും എന്തിനെയുമാണ് മേൽ വിചാരണ നടത്തേണ്ടത്? ശരീരത്തിലെ പെരുമാറ്റത്തിനു കൂടുതൽ വിശദീകരണം നല്കുമ്പോൾ പൗലൊസ് പ്രത്യേക സേവനത്തെയും പ്രത്യേക ശുശ്രൂഷകന്മാരെയും പരിചയപ്പെടുത്തുന്നുണ്ട്.

പുതിയ നിയമത്തിൽ ഗ്രീക്ക് വാക്ക് *ഡയാക്കോണോസ്* തർജ്ജിമ ചെയ്തിട്ടുള്ളത് "ഡീക്കൺ" (3:8; ഫിലിപ്പിയർ 1:1), "ദാസൻ" (മത്തായി 23:11), "ശുശ്രൂഷകൻ" (എഫെസ്യർ 6:21) എന്നുമാണ്. എങ്ങനെയാണ് പരിഭാഷപ്പെടുത്തിയതെങ്കിലും, ഓരോ വിഷയത്തിലും ഒരു ആശയം ഉയർന്നു നില്ക്കുന്നു: *അതിനർത്ഥം മറ്റുള്ളവരോടൊപ്പം അവർക്കു വേണ്ടി അവരുടെ കീഴിൽ പ്രവർത്തിക്കുന്ന ഒരു പുരുഷൻ.* ദാസനും ദാസന്മാരും എന്നിങ്ങനെ സേവനത്തെ ഉദ്ദേശിച്ചുള്ള ആശയങ്ങൾ ആയിരത്തി അറുനൂറു പ്രാവശ്യം ബൈബിളിൽ ഉപയോഗിച്ചിട്ടുണ്ട് - നാലു പ്രാവശ്യം സ്നേഹത്തോടൊപ്പവും അഞ്ചു പ്രാവശ്യം വിശ്വാസത്തോടൊപ്പവും ഉപയോഗിച്ചിട്ടുണ്ട്. സേവനം നടത്താതെ വാസ്തവത്തിലുള്ള സ്നേഹമോ വിശ്വാസമോ പ്രകടിപ്പിക്കുവാൻ സാധ്യമല്ല.

### യോഗ്യതകൾ പറഞ്ഞിരിക്കുന്നു (വാ. 8, 10, 12)

വിശാലമായ അർത്ഥത്തിൽ, സഭയിലെ അംഗങ്ങൾ ഓരോരുത്തരും കർത്താവിന്റെ ദാസന്മാരാണ്. എങ്ങനെയായാലും, ചില പുരുഷന്മാരെ കർത്താവിന്റെ വേലയിൽ നിരന്തരവും പ്രത്യേകവുമായ കടമകൾ ചെയ്യുവാനായി തിരഞ്ഞെടുത്തിരിക്കുന്നു. റോൻ ഡി. സ്മോതർമാൻ പറഞ്ഞു:

ഭരമേല്പിക്കപ്പെട്ട വിവിധ സേവനങ്ങളെ സൂചിപ്പിച്ചുകൊണ്ടാണ് പുതിയനിയമത്തിൽ വിവിധ ഗ്രീക്ക് വാക്കുകൾ ഉപയോഗിച്ചിരിക്കുന്നത്. സാധാരണ അടിമക്കാണ് *ഡൗലോസ്* ഉപയോഗിച്ചിരിക്കുന്നത്. വാടകക്ക് എടുക്കുന്ന ദാസനെ സൂചിപ്പിക്കുന്നതാണ് *ലാട്രോസ്*. ഒരു പരസ്യമായ ജോലിക്കാരന്റെ സേവനത്തെ സൂചിപ്പിക്കുന്നതാണ് *ലീറ്റർജിയ*. വൈദ്യരംഗത്തെ സേവനത്തെ സൂചിപ്പിക്കുന്നതാണ് *തെറാപ്പിയോ.* സ്നേഹത്താൽ ചെയ്യുന്ന ശുശ്രൂഷയെ പ്രകടിപ്പിക്കുന്നതാണ് *ഡയാക്കോണിയ.* ഈ വാക്കുകളിൽ ഏതെങ്കിലും ഒന്ന് "ശുശ്രൂഷ" യുടെ പ്രാഥമിക വാക്കായി (സേവനം) തിരഞ്ഞെടുക്കാം, എന്നാൽ അവസാനം പറഞ്ഞ *ഡയാക്കൊണിയ* എന്ന വാക്ക്, തിരഞ്ഞെടുക്കുവാൻ കാരണം അതു മാത്രമാണ് സ്വയേഛാസേവനത്തെ പ്രകടിപ്പിക്കുന്നത്. ആ വാക്ക് അസംഖ്യം സന്ദർഭങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്. പുതിയനിയമത്തിൽ അതു 37 പ്രാവശ്യം കാണുന്നതായി ആൺടും ജിഞ്ച്റിച്ചും പറഞ്ഞിരിക്കുന്നു. സമാനതയുള്ള, *ഡയാകോനിനും ഡയാക്കൊനൊസും,* ക്രമമായി 34 ഉം 30 ഉം പ്രാവശ്യം കാണുന്നുണ്ട്.[45]

പ്രത്യേക ജോലിക്കായി തിരഞ്ഞെടുത്തു മാറ്റിയവരെ "ഡീക്കൺസ്,"[46] എന്നു വിളിക്കുന്നു കൂടാതെ ഈ പ്രത്യേക ശുശ്രൂഷക്കാർക്കു വേണ്ട യോഗ്യതകൾ 1 തിമൊഥെയൊസ് 3:8–13 ൽ പറയുന്നു. ഓരോ യോഗ്യതയുടെയും അർത്ഥം മനസ്സിലാക്കുന്നത് പ്രാധാന്യമുള്ളതാണ്. അതുകൊണ്ട്, പൗലൊസിന്റെ ലിസ്റ്റു നമുക്കു പരിശോധിക്കാം:

"ഘനശാലികൾ."[47] ആദരവു, ഗൗരവം, പ്രതാപം എന്നിവയെ കുറിച്ചുള്ള ധാരണകൾ കൂട്ടിച്ചേർത്താൽ, കർത്താവിന്റെ വേലയെ ലഘുവായതോ ഗൗരവമില്ലാത്തതോ ആയി കണക്കാക്കാത്ത ഒരാളെ നമുക്ക് കാണാം. കർത്താവിന്റെ വേല അയാൾ ഗൗരവമുള്ളതായി കാണും.

"ഇരു – വാക്കുകാർ അരുത്."[48] ഒരു ശുശ്രൂഷകനും തന്റെ വർത്തമാനസ്ഥിതിക്കു യോജിക്കുന്ന രീതിയിൽ രണ്ടു തരത്തിൽ സംസാരിക്കുന്ന ആളാകരുത്. മൂപ്പൻമാർക്കു കീഴിൽ നിന്നുകൊണ്ട് മറ്റുള്ളവരെ സേവിക്കുവാൻ ശ്രമിക്കുന്ന ഒരു ശുശ്രൂഷകന്, ഒരു മദ്ധ്യസ്ഥനായി രണ്ടു കൂട്ടരേയും നടുവിൽ നിന്നു പ്രീതിപ്പെടുത്തേണ്ടി വരുന്നതിനാൽ, ഇത് ഒരു പരീക്ഷണമായി വന്നേക്കാം!

"മദ്യപന്മാർ [അരുത്]."[49] ഒരു ശുശ്രൂഷകന്റെ മനസ് മദ്യത്തിലേക്കു തിരിഞ്ഞാൽ അയാളുടെ മനസ്സിനെ നിയന്ത്രിക്കുന്നത് മദ്യമായിരിക്കും. വയറ്റിലെ അജീർണ്ണം നിമിത്തം തിമൊഥെയൊസിനോടു പൗലൊസ് അല്പം വീഞ്ഞുകുടിക്ക എന്നു പറഞ്ഞതു ഒരു ആചാരമായിരുന്നു (നോക്കുക 5:23). മദ്യമോ ലഹരി പദാർത്ഥമോ ഉപയോഗിച്ചാൽ അത് ഒരാളുടെ സ്വാധീന ശക്തിയെ മുറിവേല്പിക്കുകയോ മറ്റുള്ളവരെ അതിലേക്കു നയിക്കുകയോ ചെയ്യുന്ന ആചാര മാതൃകയിൽ, ക്രിസ്ത്യാനിയുടെ സഹായി റോമർ 14:21 ആയിരിക്കണം!

"ദുർല്ലാഭമോഹി [അരുത്]."[50] ഈ മനോഭാവത്തിന്റെ പ്രയോജനം കർത്താവിന്റെ വേലയിലായിരുന്ന ഇസ്ക്കാര്യോത്താവ് യൂദയിൽ നാം

കാണുന്നുണ്ട് (യോഹന്നാൻ 12:1–8; മത്തായി 26:14–16). പണത്തോടുള്ള അമിതമായ ആഗ്രഹം ഒരു വ്യക്തിയുടെ വ്യാപാരത്തിൽ ബഹുമതി നഷ്ട മാക്കുകയും, കർത്താവിന്റെ സഭയിൽ ശുശ്രൂഷകനെന്ന നിലയിൽ നല്ല തിനു വേണ്ടിയുള്ള അയാളുടെ സ്വാധീനത്തെ അത് തകർക്കുകയും ചെയ്യും.

"വിശ്വാസത്തിന്റെ മർമ്മം[51] പിടിച്ചുകൊള്ളേണ്ടത് ശുദ്ധ മനസാക്ഷി യാൽ[52] ആകേണം." ഇവിടെയാണ് ഒരാൾ 2 തിമൊഥെയൊസ് 1:14 ഉം 1 തിമൊഥെയൊസ് 3:15 ന്റെ അവസാനഭാഗവും വിശ്വസ്തതയോടെ നിറ വേറ്റുന്നത്:

> ആ നല്ല ഉപനിധി നമ്മിൽ അധിവസിക്കുന്ന, പരിശുദ്ധാത്മാവിനാൽ, സൂക്ഷിച്ചുകൊൾവിൻ (2 തിമൊഥെയൊസ് 1:14).
>
> താമസിച്ചുപോയാലോ, സത്യത്തിന്റെ തൂണും അടിസ്ഥാനവുമായി, ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവാലയത്തിൽ, നടക്കേ ണ്ടതു എങ്ങനെയെന്നു നീ അറിയേണ്ടതിനു ഇതു എഴുതുന്നു (1 തിമൊഥെയൊസ് 3:15).

ശുശ്രൂഷകനെ "ആഭരണങ്ങൾ സൂക്ഷിക്കുന്ന പെട്ടി"[53] എന്നു വിളിക്കാ റുണ്ട്. സുവിശേഷം ഒരു നിധി ആണെന്നു അയാൾ വാസ്തവത്തിൽ തിരിച്ചറിയും. അവൻ ഉത്സാഹത്തോടെ അതിനെ സൂക്ഷിക്കുകയും അതി നാൽ ജീവിക്കുകയും ചെയ്യുന്നത്, മറ്റുള്ളവരെ കാണിക്കുവാനോ വഞ്ചി ക്കുവാനോ അല്ല, എന്നാൽ അതിനോടുള്ള ബഹുമാനം കൊണ്ടാണ്. അതാണ് അയാളുടെ ജീവിത വഴി.

"അനിന്ദ്യൻ."[54] ശുശ്രൂഷകന്മാർ പ്രവൃത്തികൾ 6:3–ൽ തിരഞ്ഞെടു ക്കപ്പെട്ട സഹോദരന്മാരെ പോലെ ആകണം:

> "നല്ല സാക്ഷ്യം കൊണ്ടവൻ" - മനുഷ്യരുടെ മുമ്പാകെ ശരിയായ
> "ആത്മാവു നിറഞ്ഞവൻ" - ദൈവ മുൻപാകെ ശരിയായ
> "ജ്ഞാനം ... നിറഞ്ഞവൻ" - പ്രവൃത്തിയിൽ ശരിയായ

വാക്യം 10 ന്റെ ആദ്യഭാഗം ശ്രദ്ധിക്കുക. ഒരാളെ "അനിന്ദ്യനായി," കണ്ടാൽ അവനുള്ള ചുമതല "*പരീക്ഷിക്കപ്പെടേണ്ടത്*"[55] നിറവേറപ്പെട്ടു. അതു ബോധപൂർവ്വമായ ചുമതലയാണ്.

"ഏക ഭാര്യയുള്ള ഭർത്താക്കന്മാർ." ഈ യോഗ്യതകൾ മൂന്നു കാര്യ ങ്ങൾ ആവശ്യപ്പെടുന്നു: (1) അയാൾക്കു ഒരു ഭാര്യയല്ലാതെ, രണ്ടോ മൂന്നോ പാടില്ല, (2) വിവാഹിതനാകയാൽ, അയാൾക്ക് *ഒരു* ഭാര്യയുണ്ട്, (3) ആ ഒരു ഭാര്യയോടു അയാൾ വിശ്വസ്തനായിരിക്കണം. ശരിയായി കർത്താവിനെ പ്രതിനിധീകരിക്കേണ്ടതിന് വിഷയാസക്തിയുള്ള ഒരാളിൽ വിശ്വാസമർപ്പിക്കുവാൻ കഴിയുകയില്ല.

"മക്കളെയും സ്വന്തകുടുംബത്തെയും നന്നായി ഭരിക്കുന്നവരും." ഒരു ശുശ്രൂഷകൻ തന്റെ കുടുംബത്തെ "ഭരിക്കുക"[56] മാത്രം ചെയ്താൽ

പോരാ, അയാൾ അത് "നന്നായി"[57] ചെയ്യുകയും വേണം (കെജെവി; ഏഎസ്‌വി; എൻഐവി). തിന്മയിൽ നിന്നു തന്റെ കുടുംബത്തെ *സംരക്ഷിക്കുകയും കാത്തുകൊൾകയും* ചെയ്യുന്ന ഒരാളെയാണ് ഇവിടെ നല്ല ജോലി ചെയ്യുന്നവനായി പറഞ്ഞിരിക്കുന്നത്. അയാൾ തന്റെ കുടുംബത്തെ *കരുതുകയും ശ്രദ്ധ നൽകുകയും* ചെയ്യുന്നു, അത് ആ കുടുംബത്തെ *ശ്രേഷ്ഠവും, മാന്യവും ബഹുമാനിക്കത്തക്കതു*മായ രീതിയിൽ *നിലനിർത്തേണ്ടതിനുള്ള പരിശീലനമാക്കു*ന്നതിനാണ്! അത്തരത്തിലൊരാൾ എത്ര നല്ല ഭർത്താവും പിതാവും ആകും!

---

### പ്രത്യേക സ്ത്രീ ശുശ്രൂഷകമാർ (വാ. 11)

വാക്യം 11-ൽ പൗലൊസ് സ്ത്രീകളെ സംബന്ധിക്കുന്ന ചില പ്രത്യേകതകൾ പെട്ടെന്നു എടുത്തു പറയുന്നു:

> അവ്വണ്ണം സ്ത്രീകളും ഘനശാലികളായി, ഏഷണി പറയാതെ, നിർമ്മദമാരും, എല്ലാറ്റിലും വിശ്വസ്തരും ആയിരിക്കേണം.

ഈ സ്ത്രീകൾ[58] ആരായിരിക്കും എന്നതിനെ കുറിച്ചു വിവിധ തർജ്ജിമകൾ ചോദ്യങ്ങൾ ഉന്നയിച്ചേക്കാം. ആർക്കാണ് ഈ ആവശ്യകതകൾ വേണ്ടത്? മൂന്നു വീക്ഷണങ്ങൾ ഉയർന്നു വന്നിട്ടുണ്ട്:

1. അതു മൂപ്പന്മാരുടെ ഭാര്യമാരെ സൂചിപ്പിക്കുന്നു. കിങ്ങ് ജെയിംസ് വെർഷൻ പറയുന്നതു, "അതുപോലെ തന്നെ അവരുടെ ഭാര്യമാരും. ..."

2. അതു മേൽ വിചാരകന്മാരുടെയും ശുശ്രൂഷകന്മാരുടെയും ഭാര്യമാരെ സൂചിപ്പിക്കുന്നു.

3. റോമർ 16:1 ലെ ഫേബയെ പോലെ ദാസിമാർ എന്ന രീതിയിൽ, ശുശ്രൂഷ ചെയ്യുന്ന സ്ത്രീകളെയാണ് അതു സൂചിപ്പിക്കുന്നത്. (ആർഎസ്‌വി ഒരു "ശുശ്രൂഷക" എന്നാണ് അവളെ വിശേഷിപ്പിച്ചത്. ഗ്രീക്കിൽ *ഡയാകോനോൺ*, "ഡീക്കൺ" എന്നതിനുള്ള വാക്കായ, *ഡയാക്കൊണോസിൽ* നിന്നുള്ള സ്ത്രീലിംഗ, ഏകവചന, കർമ്മവിഭക്തിയാണ്.)

പൗലൊസ് പ്രത്യേകമായ നാലു യോഗ്യതകൾ നല്കുന്നുണ്ട്. ആ സ്ത്രീകൾ "അന്തസുറ്റവർ" ആയിരിക്കണം (3:8-ൽ തന്നിരിക്കുന്നതു പോലെ, ആദരവും അന്തസ്സുമുള്ള പെരുമാറ്റം ഉറപ്പുതരുന്നത്). അവർ "ദുർവർത്തമാനം പറയുന്നവർ ആകരുത്."[59] പൗലൊസിന്റെ വാക്ക്, അതിന്റെ പുല്ലിംഗ രൂപത്തിൽ, "പിശാച്" എന്നതിന്റെ വാക്കായിട്ടാണ് പറഞ്ഞിരിക്കുന്നത് - അതു എല്ലാ ദുഷ്ടശക്തിയെയും കാണിക്കുന്നു. അതുകൊണ്ട്, റോബർട്ട്സൺ ദുർഭാഷണത്തെ "ഷീ - ഡെവിൾസ്"[60] എന്നു പേരുകൊടുത്തിരിക്കുന്നു. നോക്കുക യോഹന്നാൻ 8:44.

അവർ "നിർമ്മദമാർ"[61] ആയിരിക്കണം. ബഹുമാനത്തെ കുറിച്ചു ബോധമുള്ള സ്ത്രീകളെയാണ് ഇതു വിവരിക്കുന്നത്. അവസാനമായി, അവർ "എല്ലാറ്റിലും വിശ്വസ്തരായിരിക്കണം." അതിൽ എല്ലാം - ഉൾപ്പെടുന്നു.

*സ്ത്രീ ശുശ്രൂഷകമാരോ? (1 തിമൊഥെയൊസ് 3:11)*[62]

ഈ വാകൃത്തിലെ സാധ്യമായ മൂന്നു അർത്ഥങ്ങൾ, ഏ.സി. ഹെർവേ ചുരുക്കി പറഞ്ഞിരിക്കുന്നതു പ്രായോഗികമാക്കേണ്ടത് (1) ശുശ്രൂഷകന്മാരുടെ ഭാര്യമാരിൽ, (2) മൂപ്പന്മാരുടേയും ശുശ്രൂഷകന്മാരുടേയും ഭാര്യമാരിൽ, അല്ലെങ്കിൽ (3) സ്ത്രീ ശുശ്രൂഷകമാരിൽ.[63] ആധുനിക - കാലത്തിലെ വ്യാഖ്യാതാക്കളെ പോലെ, ഹെർവേയും, മൂന്നാമത്തെ അർത്ഥം തിരഞ്ഞെടുത്തിരിക്കുന്നു, എന്നാൽ മൂന്നാമത്തെ അർത്ഥം തെറ്റാണെന്നു ഈ വ്യാഖ്യാതാവു തീർച്ചയാക്കിയിരിക്കുന്നു.

ഇവിടെ പറയുന്ന സ്ത്രീകൾ ഡീക്കൺസ് ആയിരുന്നു എങ്കിൽ, പൗലൊസ് അവരെ ഡീക്കൺസ് എന്നു പറയുമായിരുന്നു, എന്നാൽ അവൻ തീർച്ചയായും അങ്ങനെ ചെയ്തില്ല; അതിലുമുപരിയായി, അടുത്ത വാകൃത്തിൽ പൗലൊസ് പറഞ്ഞ ഡീക്കൺസ് "ഏക ഭാര്യയുള്ള ഭർത്താക്കന്മാർ ആയിരിക്കണം," എന്നത് സ്ത്രീകളെ ആ ഉദ്യോഗത്തിൽ നിന്നു മാറ്റി നിർത്തിയിരിക്കുന്നു എന്നാണ് വ്യക്തമാക്കുന്നത്.

ഈ വാകൃത്തിൽ "സ്ത്രീകൾ" എന്ന വാക്കിനു പകരം "ഭാര്യമാർ" എന്ന വാക്കാണ് അദൊറൈസ്ഡ് വെർഷനും നെസ്‌ലേ ഗ്രീക്ക് - ഇംഗ്ലീഷ് എൻ.റ്റി. തർജ്ജിമ ചെയ്തിരിക്കുന്നത്, അതു ശരിയായ വ്യാഖ്യാനമാണ് എന്നതിൽ സംശയമില്ല. ഗ്രീക്കിൽ "സ്ത്രീകൾ" എന്ന വാക്കിന് രണ്ടർത്ഥമുണ്ടെന്ന് പ്രസ്താവിച്ചിരിക്കുന്നു, അതു നല്ലതുമാകാം; എന്നാൽ ഭാര്യമാർ എന്നാണ് സന്ദർഭത്തിൽ വരേണ്ട അർത്ഥം. അതിനെ "സ്ത്രീ ശുശ്രൂഷകമാർ" എന്നു വായിക്കുന്നതു ഭയങ്കരമായ ദൈവവചന ലംഘനമാണ്. സ്ത്രീ ശുശ്രൂഷകമാരെ കുറിച്ചു ഒന്നും ഈ വാകൃത്തിൽ പറയുന്നില്ല; അങ്ങനെയാണെന്ന് കരുതുന്നതിന്റെ അർത്ഥം മൂപ്പന്മാരുടെ ഭാര്യമാരുടെ *യോഗ്യതകളെ കുറിച്ചു ഒന്നും* പ്രതിപാദിക്കുന്നില്ല; അപ്പൊസ്തലനായ പൗലൊസിനെതിരായി ഇതിൽ കുറ്റം ചുമത്തുവാൻ ആർക്കും അവകാശമില്ല. വേലക്കാരുടെ ഭാര്യമാരുടെ യോഗ്യതകൾ പറഞ്ഞിരിക്കുന്ന ഈ വാക്യം കല്പനയായി ആചരിക്കണം. ശരിയല്ലാത്ത ഭാര്യ ഏതൊരു മൂപ്പനും ശുശ്രൂഷകനും നാശം വിതക്കും; പുതിയ തരത്തിലുള്ള സഭയിലെ വേലക്കാർക്ക് പൗലൊസ് പറഞ്ഞ യോഗ്യതകൾ ഒഴിവാക്കാവുന്നതല്ല.

എന്നാൽ ഫേബയെ ശുശ്രൂഷക എന്നു വിളിച്ചിട്ടില്ലേ (റോമർ 16:1)? ഉവ്വു, തീർച്ചയായും; എന്നാൽ പോലീസുകാരെയും ദൈവത്തിന്റെ ശുശ്രൂഷകന്മാർ എന്നു വിളിച്ചിട്ടുണ്ട് (റോമർ 13:4), രണ്ടിലും ഒരേ ഗ്രീക്ക് വാക്കുള്ളതിനാൽ (ലിംഗഭേദത്തിനൊഴിച്ച്) ... ഈ ബന്ധത്തിൽ, ശ്രദ്ധിക്കേണ്ടത് ആ സ്ത്രീകളെ "ശുശ്രൂഷകമാർ" എന്ന രീതിയിൽ ഉപയോഗിക്കുവാൻ പൗലൊസ് ആഗ്രഹിച്ചിരുന്നെങ്കിൽ അവൻ തീർച്ചയായും അതിനു യോജിച്ച വാക്ക് ഉപയോഗിക്കുമായിരുന്നു. എൻ.റ്റി. വാക്കായ "അപ്പൊസ്തലൻ" എന്നതു ഔദ്യോഗികമായും ചുരുങ്ങിയ അർത്ഥത്തിലും ഉപയോഗിച്ചിട്ടുള്ളതു കൂടാതെ, രണ്ടാമത്തെ പൊതുവായ അർത്ഥത്തിൽ, കർശനമായി പറഞ്ഞാൽ "അപ്പൊസ്തലന്മാർ" അല്ലാത്ത,

ബർന്നബാസിനെയും ശീലാസിനെയും സൂചിപ്പിച്ചും ഉപയോഗിച്ചിരിക്കുന്നു. അതുപോലെ "ശുശ്രൂഷക" എന്ന വാക്ക്, ഫേബക്ക് ഉപയോഗിക്കുമ്പോൾ, അവൾ ഔദ്യോഗികമായി സഭയിലെ ശുശ്രൂഷക ആയിരുന്നു എന്ന് അർത്ഥമാക്കുന്നില്ല എന്നാണ് ഇവിടെ കാണുന്നത്. ശുശ്രൂഷക "ദാസൻ," എന്നതിന്റെ ഗ്രീക്ക് വാക്കിനെ തർജ്ജിമ ചെയ്യുന്നു എന്നത് എപ്പോഴും ഓർമ്മിക്കേണ്ടതാണ്, അതുകൊണ്ട്, നൂറ്റാണ്ടുകളായി തർജ്ജിമക്കാർ സഭയിലെ ഔദ്യോഗിക ശുശ്രൂഷകന്മാർക്കു മാത്രമാണ് "ഡീക്കൺ" എന്ന വാക്ക് ഉപയോഗിച്ചത്. എന്നാൽ റോമർ 13:4 ലേയും റോമർ 16:1 ലേയും കാര്യത്തിൽ, അവർ സാധാരണ അതിനെ ഉപയോഗിച്ചതു "ദാസൻ" എന്നാണ്. അത്തരത്തിലാണ് അതോറൈസ്ഡ് വെർഷൻ രണ്ടു സ്ഥലത്തും ഉപയോഗിച്ചത്; റോമർ 16:1 ലെ ചില വെർഷനുകളിൽ *ഡീക്കൺ* എന്ന ഔദ്യോഗിക പേര് കാരണമില്ലാതെ കൊടുത്തിരിക്കുന്നതു തികച്ചും തെറ്റും വഴിതെറ്റിക്കുന്നതുമാണ്.

സ്ത്രീകളെ ശുശ്രൂഷകമാർ ആയി നിയമിക്കുവാൻ സഭകളോടു കല്പിച്ചിട്ടുണ്ടെങ്കിൽ, എവിടെയാണ് അതിന്റെ രേഖ, പുതിയ നിയമത്തിലാണോ അതോ സഭാചരിത്രത്തിന്റെ സമ്പ്രദായത്തിലാണോ? സ്ത്രീകളെ ശുശ്രൂഷകമാരായി നിയമിക്കുമ്പോൾ, അവരെ നിയമിക്കുന്നത് ദൈവിക അധികാരമില്ലാതെയും അവർക്കു സേവിക്കുവാൻ മതിയായ യോഗ്യതകളെ അറിയിക്കാതെയുമാണ്. സ്ത്രീകളെ ശുശ്രൂഷകമാരാക്കി നിയമിക്കേണ്ടതിനുള്ള നിലവാരമായി വാക്യം 11-നെ യാണ് കണ്ടെത്തുന്നതെങ്കിൽ, എന്തുകൊണ്ട്, പൗലൊസ് മൂപ്പന്മാർക്ക് പതിനഞ്ചു യോഗ്യതകളും നാലെണ്ണം ശുശ്രൂഷകമാർ എന്ന് - അറിയപ്പെടുന്നവർക്കും പറഞ്ഞില്ല? അത്തരം കാഴ്ചപ്പാട് സാമാന്യബുദ്ധിക്കു നിരക്കാത്തതാണ്.

---

### വേലയും പ്രതിഫലവും (വാ. 13)

ശുശ്രൂഷകന്മാർ "നന്നായി" ശുശ്രൂഷിക്കണം എന്ന പൗലൊസിന്റെ നിർദ്ദേശം പ്രത്യേകം ശ്രദ്ധിക്കണം. ചില അവസരത്തിൽ നിയോഗിക്കപ്പെട്ട ദാസന്റെ പ്രവൃത്തിക്കു പുറത്തുള്ള കാര്യങ്ങൾ കൂടെ ശുശ്രൂഷകന്മാർ ചെയ്യേണ്ടതായി വരും. അവസാന തീരുമാനങ്ങൾ മൂപ്പന്മാരുടേതായിരിക്കും (അവർ ദൈവവചനത്താലാണ് നയിക്കുന്നതെന്നു കരുതി). മൂപ്പന്മാരോടു ശുശ്രൂഷകന്മാർ ഏറ്റുമുട്ടുന്നതും മൂപ്പന്മാരെ ഭൂരിപക്ഷ നിയമത്താൽ "വോട്ടുചെയ്തു പരാജയപ്പെടുത്തുന്നതും" ലജ്ജാകരവും പാപവുമാണ്. അതു സംഭവിക്കുമ്പോൾ മൂന്നു തെറ്റുകൾ അതിൽ ഉൾപ്പെടുന്നു: (1) മൂപ്പന്മാർ മേൽനോട്ടം നടത്തേണ്ടതുപോലെ അല്ല സേവിക്കുന്നത് (എബ്രായർ 13:17). (2) ശുശ്രൂഷകന്മാർ സേവിക്കേണ്ടതുപോലെ അല്ല സേവിക്കുന്നത്. (3) എല്ലാവരും യോജിക്കേണ്ടതിനും, ചെറുപ്പക്കാർ മൂപ്പന്മാർക്കു കീഴ്പ്പെട്ടിരിക്കേണ്ടതിനും, ഭൂരിപക്ഷ നിയമം വചനാനുസരണമല്ല. എല്ലാറ്റിലുമുപരിയായി, സഭ ക്രിസ്തു പഠിപ്പിച്ചതെല്ലാം അനുസരിക്കണം. (നോക്കുക 1 കൊരിന്ത്യർ 1:10; 1 പത്രൊസ് 5:5; മത്തായി 28:20.) ശുശ്രൂഷകന്മാർ ശരിയാണെങ്കിൽ പോലും, അവർ ആ "നീതി"

കാണിക്കുന്നതിന് ബൈബിൾപരമായ മാർഗ്ഗനിർദ്ദേശങ്ങൾ സ്വീകരിക്കണം (1 തിമൊഥെയൊസ് 5:1, 19, 20; 1 പത്രൊസ് 5:1–6).

"നന്നായി" ഭരിക്കണമെന്നു ശുശ്രൂഷകന്മാരെ കുറിച്ചു പൗലൊസ് പ്രബോധിപ്പിച്ചതിന്റെ പ്രാധാന്യം ശ്രദ്ധിക്കുക. കടമയോടുള്ള സമർപ്പണം മനസ്സില്ലാമനസ്സോടെയുള്ള ശ്രമങ്ങൾക്ക് ഇടകൊടുക്കുകയില്ല. സമർപ്പിക്കപ്പെട്ട ദാസൻ നിർദ്ദേശങ്ങൾ നന്നായി നടപ്പാക്കും. അയാൾ തീർച്ചയായും ദൈവിക നിർദ്ദേശങ്ങൾ അനുസരിച്ചു പ്രവർത്തിക്കും. അയാളുടെ കാല്പാടുകൾ പിൻപറ്റുന്നത് എത്ര മാഹാത്മ്യമുള്ളതാകും! സ്മോതർമാൻ ഈ കുറിപ്പു നല്കി:

> *ഡയാകോണിയ* എന്തു സേവനം ആണ് ആവശ്യപ്പെടുന്നതെങ്കിലും അതു വളരെ പ്രായോഗികമാണെന്നു പ്രാരംഭ ക്രിസ്തീയ സമൂഹം മനസ്സിലാക്കിയിരുന്നു (പ്രവൃത്തികൾ 4:35). ... മൂന്നാം നൂറ്റാണ്ട് സേവന പ്രാഗത്ഭ്യത്തിനല്ല ഊന്നൽ കൊടുത്തത് മറിച്ചു മൂപ്പന്മാരുടെ കീഴ് ജോലിക്കാർ എന്ന രീതിക്കായിരുന്നു. ... ശുശ്രൂഷകന്മാരുടെ കടമകളെ അവ്യക്തമായി പുതിയ നിയമത്തിൽ മനപ്പൂർവ്വമായി വെച്ചിരിക്കുന്നതു കാലാകാലങ്ങളിൽ അവർക്കു ചെയ്യേണ്ട ആനുകാലിക കാര്യങ്ങൾ സാധ്യമാക്കേണ്ടതിനാണ്. ... പുതിയ നിയമത്തിൽ അതിനെ നിശബ്ദമാക്കി വെച്ചിരിക്കുന്നതിനാൽ പണ്ടത്തെ ശുശ്രൂഷകന്മാർക്കു അവരുടെ യോഗ്യത അനുസരിച്ചു ഏതൊരു സേവനമാണ് നിർവ്വഹിക്കുവാൻ നല്കപ്പെടുന്നതു അതു ചെയ്യാം. ഇന്നത്തെ ശുശ്രൂഷകന്മാർക്കും അതിലും കുറച്ചൊന്നുമല്ല ചെയ്യുവാനുള്ളത്.[64]

സമർപ്പിക്കപ്പെട്ട ശുശ്രൂഷകന്മാരുടെ അത്തരം മനോഹര സേവനം ശ്രദ്ധിക്കപ്പെടാതിരിക്കയോ പ്രതിഫലം നല്കാതിരിക്കയോ ചെയ്യുകയില്ല. സുബോധമുള്ള പ്രവൃത്തികളെ ദൈവം ഒരിക്കലും അനുഗ്രഹങ്ങളും പ്രതിഫലവും നൽകാതെ ഏൽപ്പിച്ചിട്ടില്ല. അവന്റെ പ്രതിഫലം അനേകമാണ്: ശുശ്രൂഷകന്റെ സ്വഭാവം – അവൻ എന്തായി തീരും – എന്നതു മനോഹരവും, സുഖപ്രദവും, ഉണർവ്വുള്ളതും, മനസുള്ളതും, ഉത്സാഹവുമുള്ള, കാര്യമായിരിക്കും. ശുശ്രൂഷകൻ "ഒരു ഉയർന്ന നിലനില്പു" സമ്പാദിക്കും (3:13) – നല്ല നിലയിൽ നില്ക്കും. ഇടവക അവനോടു കൂടെ പ്രവർത്തിക്കുവാൻ സന്തോഷിക്കും. കൂടാതെ ശുശ്രൂഷകൻ "വിശ്വാസത്തിൽ വലിയ പ്രാഗല്ഭ്യം" സമ്പാദിക്കും (3:13). അവസാനമായി, ഉത്സാഹിയായ ശുശ്രൂഷകന്റെ ലക്ഷ്യം സ്വർഗ്ഗീയഭവനം ആയിരിക്കും. അതിലും കൂടുതൽ ആരെങ്കിലും ചോദിക്കുമോ?

പൗലൊസ് വിവരിച്ചതായ ദാസന്മാരായ നായകന്മാരെയാണ് ഇന്നു സഭയ്ക്കു വേണ്ടത്. ഈ പ്രത്യേക ശുശ്രൂഷക്കായി സഹോദരന്മാരെ തയ്യാറാക്കേണ്ടതിനു ഇടവകകളും സുവിശേഷകന്മാരും എത്ര ഉപദേശവും പരിശീലനവും നല്കുന്നു?

## പാഠം 9: സഭയ്ക്കുവേണ്ട കരുതൽ - ഒരു ചുരുക്കം (3:14, 15)

### നാം എങ്ങനെ നമ്മെ നയിക്കണം (വാ. 14, 15)

"ഓരോരുത്തൻ എങ്ങനെ നടക്കണം"[65] എന്നു സഭയിലെ അംഗങ്ങൾ അറിയേണ്ടതിനാണ് പൗലൊസ് തിമൊഥെയൊസിനു ലേഖനം എഴുതുന്നത്. ശരിയായ സ്വഭാവം പഠിക്കുന്നതിൽ മുമ്പിലത്തെ നടപ്പിനു "കീഴ്മേൽ മറിഞ്ഞ" അല്ലെങ്കിൽ "നേരെ തിരിഞ്ഞ" നടപ്പു ഉൾപ്പെടുന്നു. നമ്മുടെ സാധാരണ പ്രയോഗത്തിൽ പറഞ്ഞാൽ "അഡ്ജസ്റ്റ്മെന്റു നടത്തുക" അല്ലെങ്കിൽ "ശരിയാക്കുക" എന്നാണ്. ക്രിസ്തുവിൽ ആളുകൾ *മാറുന്നു*, പുതിയ സൃഷ്ടികളായി തീരുന്നു (2 കൊരിന്ത്യർ 5:17). ചിലർ കീഴ്മേൽ മറിയാതെയും, ചിലർ ശക്തിയും ധൈര്യവും കാണിക്കാതെയും, ചിലരിൽ നിർമ്മലതയും വിശുദ്ധിയും വളർത്തിയെടുക്കാതെയും വലിയ മൂപ്പന്മാരും ശുശ്രൂഷകന്മാരും ഉണ്ടാവുകയില്ല ഇവയെല്ലാം ഉണ്ടാകുന്നത് ദൈവകൃപയിലും പരിജ്ഞാനത്തിലും വളരുന്നതിൽ കൂടി മാത്രമാണ് (2 പത്രൊസ് 3:18; 2 തിമൊഥെയൊസ് 1:7; 2:1).

### സഭയെ എങ്ങനെ കാണണം (വാ. 15)

നാം നമ്മുടെ സ്വഭാവത്തിൽ "ജീവനുള്ള ദൈവത്തിന്റെ സഭ" ആകണം എന്ന ഊന്നലാണ് പൗലൊസ് നമ്മുടെ പെരുമാറ്റത്തെ സൂചിപ്പിച്ചു നല്കുന്നത്. ജീവനുള്ള ദൈവം നിർജീവമായ മക്കളെ ജനിപ്പിക്കുകയോ അലസരായ, എണ്ണമില്ലാത്ത മക്കളെ സൃഷ്ടിക്കുകയോ ഇല്ല! ശരിയായ മാതൃകയിൽ നമ്മുടെ നടത്ത നിർവ്വഹിക്കുന്നതിനുള്ള അടിസ്ഥാനം *ജീവനുള്ള* ദൈവവുമായ നമ്മുടെ ബന്ധമാണ് (മത്തായി 5:48; ഫിലിപ്പിയർ 2:22; 1 യോഹന്നാൻ 3:1-3). നാം എങ്ങനെ ക്രിസ്തുവിന്റെ സഭയായി കർത്തവ്യം നിർവ്വഹിക്കുന്നു എന്നത് നാം അവന്റെ സഭയെ എങ്ങനെ കാണുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു.

### സത്യത്തിന്റെ തൂണ്

ക്രിസ്ത്യാനികളെ (സഭ) കുറിച്ച് സത്യത്തിന്റെ തൂണ് എന്നു പൗലൊസ് ആലങ്കാരികമായി പറഞ്ഞതു മനസ്സിലാക്കുവാൻ തിമൊഥെയൊസിനു തീർച്ചയായും പ്രയാസം നേരിട്ടില്ല. ദൈവജനത്തിന് ഉപദേശത്തെ അല്ലെങ്കിൽ സത്യത്തെ, എങ്ങനെ ഭൂഷണമാക്കാമെന്ന് വെളിപ്പാട് 19:6-8; മത്തായി 5:16; 2 തിമൊഥെയൊസ് 2:19; 1 തിമൊഥെയൊസ് 6:20; തീത്തൊസ് 2:10-14 തുടങ്ങിയ വേദഭാഗങ്ങൾ വ്യക്തമാക്കുന്നു (അതായതു, "നമ്മുടെ രക്ഷിതാവായ ദൈവത്തെ കുറിച്ചുള്ള ഉപദേശം മനോഹരം ആക്കുവാൻ" വേണ്ടി; തീത്തൊസ് 2:10; എൻഐവി). ഈ ലേഖനം ലഭിച്ചപ്പോൾ തിമൊഥെയൊസ് ആയിരുന്നതുപോലെ നമുക്കും *തൂണുകളെ പോലെ* ആയി തീരുവാൻ കഴിയും. എഫെസൊസിലായിരുന്ന തിമൊഥെയൊസിനു ഈ ലേഖനം ലഭിച്ചു (1:3), അർത്തെമിസ് ദേവിയുടെ ക്ഷേത്രം സ്ഥിതി ചെയ്ത സ്ഥലമായിരുന്നു അത്, അല്ലെങ്കിൽ ഡയാനയുടെ (പ്രവൃത്തികൾ 19:28). അതിനെ കുറിച്ചു ബാർക്ക്ലേ പറഞ്ഞത് ഇതാണ്:

ലോകത്തിലെ ഏഴ് മഹാത്ഭുതങ്ങളിൽ ഒന്നായിരുന്നു ആ ക്ഷേത്രം. ആ ക്ഷേത്രത്തിന്റെ മനോഹാരിതകളിൽ ഒന്ന് അതിന്റെ തൂണുകളായിരുന്നു. അതിനു നൂറ്റി ഇരുപത്തി - ഏഴു തൂണുകളുണ്ടായിരുന്നു, അവ ഓരോന്നും ഒരു രാജാവിന്റെ ദാനം ആയിരുന്നു. അവയെല്ലാം മാർബിൾ കൊണ്ടുണ്ടാക്കിയതും, അവയിൽ ചിലതു ആഭരണങ്ങളോടു കൂടെ സ്വർണ്ണം പൂശിയതും ആയിരുന്നു. ഒരു തൂണ് എത്ര മനോഹരമായിരിക്കും എന്നു എഫെസൊസിലെ ജനങ്ങൾക്കു അറിയാമായിരുന്നു. അതുകൊണ്ടായിരിക്കാം *ചുവരിന്റെ മുട്ടുതൂൺ* എന്ന വാക്കിൽ ഉൾപ്പെട്ടിരിക്കുന്നതായ - പ്രദർശിപ്പിക്കുന്നത് എന്നതുപോലെ - *തൂണ്* എന്ന വാക്കിന്റെ ആശയം ഇവിടെ അത്ര *താങ്ങ്* ആയിട്ടല്ല കാണുന്നത്. പലപ്പോഴും പ്രസിദ്ധനായ ഒരാളുടെ പ്രതിമ ഒരു തൂണിന്മേൽ ഉയർത്തിനിർത്തുന്നതു എല്ലാറ്റിന്റേയും മീതെ നില്ക്കുവാനും, വ്യക്തമായി അല്പം ദൂരെ നിന്നുപോലും കാണേണ്ടതിനുമാണ്. ഇവിടത്തെ ആശയം എന്തെന്നാൽ സഭയുടെ കർത്തവ്യം സത്യത്തെ എല്ലാവർക്കും കാണത്തക്കവണ്ണം ഉയർത്തിപ്പിടിക്കുക എന്നതാണ്. സത്യത്തെ പ്രദർശിപ്പിക്കുകയും സാക്ഷ്യപ്പെടുത്തികൊടുക്കുകയുമാണ് സഭയുടെ കടമ.[66]

**സത്യത്തിന്റെ താങ്ങ്**

"തൂണ്" ആകുക എന്ന ആശയം സഭ ഉപദേശത്തെ അലങ്കാരമാക്കേണ്ടതിനാണെങ്കിൽ, അടുത്ത പദ പ്രയോഗം പറയുന്നത് സഭ ഉപദേശത്തെ "സത്യത്തിന്റെ താങ്ങ്" ആയി നിന്നുകൊണ്ട് പ്രതിരോധിക്കുവാനാണ്. ആർഎസ്‌വിയിൽ "താങ്ങ്" എന്നതിനുപകരം "കോട്ട" എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. ഇതു ഇവിടെ അംഗങ്ങളിൽ ഉള്ള ഉത്തരവാദിത്വത്തെ കൂടുതൽ വ്യക്തമാക്കുകയാണ്. ക്രിസ്ത്യാനി കൾക്കു സത്യത്തെ സൂക്ഷിക്കുവാനുള്ള ഉത്തരവാദിത്വമുണ്ട് (1 തിമൊഥെയൊസ് 6:20, 21; 2 തിമൊഥെയൊസ് 1:14). സത്യത്തിനു നില്ക്കാൻ കഴിയുകയില്ല അല്ലെങ്കിൽ അതു നശിപ്പിക്കപ്പെടുമെന്ന ഭയം കൊണ്ടല്ല സൂക്ഷിക്കേണ്ടതു (മത്തായി 24:35), മറിച്ചു സത്യത്തെ ദുരുപദേഷ്ടാക്കന്മാരും കള്ള പ്രവാചകന്മാരും ദുരുപയോഗം ചെയ്യും എന്നതിനാലത്രെ (നോക്കുക 2 തിമൊഥെയൊസ് 3:2-13; റോമർ 16:17, 18; 2 പത്രൊസ് 2:1-3). ഒരു ബാങ്ക് കവർച്ച ചെയ്യപ്പെട്ടാൽ, മോഷ്ടാവ് പണം നശിപ്പിക്കുമെന്നാണോ, അതോ അയാൾ അതു ദുർവ്യയം ചെയ്യുമെന്നാണോ നാം കരുതുന്നത്? മനുഷ്യരോ പിശാചോ സത്യത്തെ നശിപ്പിക്കുമെന്നു ക്രിസ്ത്യാനികൾ ഭയപ്പെടേണ്ടതില്ല; മറിച്ച്, നാം അതിനെ തെറ്റായി ഉപയോഗിക്കാതെ ദുർവിനിയോഗം ചെയ്യാതെ കാത്തു സൂക്ഷിക്കണം. ദൈവത്തിന്റെ *വിലയേറിയ സത്യത്തെ* വരും തലമുറകൾക്കു കേട്ടു വിശ്വസിക്കേണ്ടതിനു നിർമ്മലമായി സൂക്ഷിക്കണം.

തന്റെ നിക്ഷേപത്തെ ദൈവം മൺപാത്രങ്ങളിലാണ് വെച്ചിരിക്കുന്നതു എന്നതിനാൽ (2 കൊരിന്ത്യർ 4:1-7), നാം അതിനെ സൂക്ഷിക്കണം (2 തിമൊഥെയൊസ് 1:13, 14), അവയെ കേൾക്കുന്ന അജ്ഞരും അസ്ഥി

രന്മാരുമായവർ തങ്ങളുടെയും അതു കേൾക്കുന്നവരുടെയും നാശത്തിനു അവയെ കോട്ടിക്കളയും എന്നതുകൊണ്ട് സൂക്ഷിക്കണം (2 പത്രൊസ് 3:16–18; റോമർ 16:17, 18).

ക്രിസ്തു എന്ന അടിസ്ഥാനത്തിന്മേൽ സഭ പണിതിരിക്ക കൊണ്ടു (1 കൊരിന്ത്യർ 3:10, 11), സഭയിലെ അംഗങ്ങൾ തൂണുകളും താങ്ങുകളുമാണ്. നാം ശരിയായതു പ്രദർശിപ്പിക്കയും എല്ലാവർക്കും സത്യം വിശ്വസിക്കയും അനുസരിക്കയും ചെയ്യേണ്ടതിന്റെ കാരണവും കാണിച്ചു കൊടുക്കണം (എഫെസ്യർ 3:1–12, പ്രത്യേകിച്ചു വാ. 8–10).

---

**സഭയുടെ ആത്മവിശ്വാസം (വാ. 16)**

വാക്യം 16–ൽ പൗലൊസ് ഗംഭീരമായ അവസാനത്തിലേക്കു നീങ്ങുകയാണ്, അതു അദ്ധ്യായം 3–ൽ നല്കിയ പ്രബോധനത്തെയെല്ലാം ന്യായീകരിച്ചുകൊണ്ടാണ്. വെളിപ്പെടുത്തപ്പെട്ട ഒരു മർമ്മത്താലായിരുന്നു നാം ചെയ്തതെല്ലാം അല്ലെങ്കിൽ ക്രിസ്തുവിന്റെ സഭയായി തീർന്നത്. ആ വെളിപ്പെടുത്തിയ മർമ്മം, ക്രിസ്തുവിൽ കേന്ദ്രീകരിച്ചിരുന്നു, അതു ദൈവിക മനോഹാരിതയുടെയും അനുഗ്രഹത്തിന്റെയും ആത്മവിശ്വാസം മാറ്റൊലികൊള്ളിക്കുന്നു. വെളിപ്പെടുത്തിയ മർമ്മത്തിന്റെ അമൂല്യതയാൽ അല്ലെങ്കിൽ മഹത്വത്താൽ, പാപികൾക്കു ദൈവഭക്തി ലഭ്യമായത്, എതിർക്കുവാൻ കഴിയുകയില്ല. പൗലൊസ് പറഞ്ഞതുപോലെ, ആ മഹത്തായ മർമ്മം പ്രഖ്യാപിച്ചതു "പൊതുവായ സ്വീകാരത്താൽ"[67] ആയിരുന്നു. അതുകൊണ്ടു, സഭ സത്യത്തിനുവേണ്ടി നിലകൊള്ളേണ്ട കാരണമായി വാക്യം 16 നെ കാണാം. അതു ഇനി ഒരു മർമ്മം അല്ല (എഫെസ്യർ 3:3–6; റോമർ 16:25–27). ശുദ്ധ മനസാക്ഷിയിൽ വിശ്വാസത്തിന്റെ മർമ്മം പിടിച്ചുകൊൾവാൻ 3:9–ൽ പൗലൊസ് സൂചിപ്പിക്കുന്നു. നാം പിടിക്കുന്നതു എന്താണെന്ന് അറിയാതെ നമുക്ക് അതു ചെയ്യുവാൻ സാധ്യമല്ല. നമുക്ക് അറി*യാം* നാം പിടിക്കുന്നതു എന്താണെന്ന് – അത് അറിയപ്പെട്ട വിലയേറിയ ഒരു പദ്ധതിയും വാക്യം 16–ൽ പൗലൊസ് പ്രഖ്യാപിച്ച "ശ്രേഷ്ഠമാകുക"[68] എന്നതുമാണ്! ദൈവത്തിന്റെ മർമ്മം, ഇപ്പോൾ മൂടുപടം മാറ്റിയിരിക്കുന്നത്, ലക്ഷ്യത്തിലും, പ്രാധാന്യത്തിലും, വിശുദ്ധിയിലും മഹത്തായതാണ്. അതിന്റെ മാഹാത്മ്യത്തെ ഊന്നി പറയുവാൻ പൗലൊസ് പല കാരണങ്ങൾ പറയുന്നുണ്ട്:

1. *ദൈവത്തിന്റെ വലിയ ദാനം: അവൻ എത്തി.* "ജഡത്തിൽ അവൻ വെളിപ്പെട്ടു" (യോഹന്നാൻ 1:1–4, 14; 3:16; ഗലാത്യർ 4:4; ഫിലിപ്പിയർ 2:5–8).

2. *ഒരു വലിയ സാക്ഷ്യം: അവൻ പ്രത്യക്ഷനായി.* യേശുക്രിസ്തു "ആത്മാവിൽ നീതീകരിക്കപ്പെട്ടു"[69] (യോഹന്നാൻ 16:7–14; ലൂക്കൊസ് 24:45–49; പ്രവൃത്തികൾ 1:5–8; 2:1–4, 15–24, 29–41; റോമർ 1:4; 8:11). തിന്മയെ ക്ഷമിക്കുന്ന അർത്ഥത്തിലല്ല, ഇവിടെ പറയുന്ന നീതീകരണം (കാരണം യേശു ഒരു തിന്മയും ചെയ്തിട്ടില്ല), എന്നാൽ ആളുകൾക്ക് നീതിനിർവ്വഹണത്തിൽ കടുത്ത പരാജയം ഉണ്ടായി എന്ന അർത്ഥത്തിലാണ് (യെശയ്യാവു 53:4–8; പ്രവൃത്തികൾ 8:28–39; 1 പത്രൊസ് 2:21–25).

3. *വലിയ ഒരു സദസ്: അവൻ ആദരിക്കപ്പെട്ടു.* ക്രിസ്തു "ദൂതന്മാ

രാൽ വീക്ഷിക്കപ്പെട്ടു" (1 പത്രൊസ് 1:10–13); എഫെസ്യർ 4:8–10; സങ്കീർത്തനങ്ങൾ 68:17–19; ഫിലിപ്പിയർ 2:9, 10; വെളിപ്പാട് 5:11, 12). സ്വർഗ്ഗം അഭിനന്ദിച്ചു!

4. *ഒരു വലിയ സംഭവവും വിവരണവും: അവൻ പ്രഖ്യാപിക്കപ്പെട്ടു.* "ജാതികൾക്കിടയിൽ പ്രയോഗിക്കപ്പെട്ടവൻ" ആയിരുന്നു ക്രിസ്തു (മത്തായി 28:18–20; പ്രവൃത്തികൾ 1:8; കൊലൊസ്യർ 1:23; വെളിപ്പാട് 1:7; മത്തായി 25:31–46).

5. *ഒരു വലിയ പ്രതികരണം: അവൻ സ്വീകരിക്കപ്പെട്ടു.* "ലോകത്തിൽ വിശ്വസിക്കപ്പെട്ടവനായി" ക്രിസ്തു (1 പത്രൊസ് 1:18–23; പ്രവൃത്തികൾ 2:41; 5:14; 9:31; റോമർ 15:18, 19; 16:25–27; ഫിലിപ്പിയർ 2:9–11).


6. *വലിയ ഒരു സ്ഥാനം: അവൻ സ്വർഗ്ഗാരോഹണം ചെയ്തു.* "തേജസ്സിൽ എടുക്കപ്പെട്ടവനായി" ക്രിസ്തു (പ്രവൃത്തികൾ 1:9–11; എബ്രായർ 2:9; എഫെസ്യർ 1:18–23; യോഹന്നാൻ 17:5; വെളിപ്പാട് 5:6–14).

ഈ സംഭവത്തിന്റെ എല്ലാ വശവും (മർമ്മം), നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ കേന്ദ്രീകരിച്ചിരിക്കുന്നതു, *ശ്രേഷ്ഠമാണ്.* യേശു ആരാണെന്നും അവൻ എന്തു ചെയ്തു എന്നും ചിന്തിക്കുക. ജീവനുള്ള ദൈവത്തിന്റെ പുത്രനായ യേശുക്രിസ്തുവിൽ, നമുക്ക് ദൈവത്തിന്റെ മർമ്മം വാസ്തവത്തിൽ വെളിപ്പെടുത്തി!

ദൈവത്തിന്റെ മാഹാത്മ്യത്തേയും അവന്റെ വെളിപ്പെടുത്തിയ മർമ്മത്തെയും താഴെ കൊടുത്തിരിക്കുന്ന ചുരുങ്ങിയ വാക്കുകളാൽ പ്രതിപാദിച്ചിരിക്കുന്നു:

> അതു സർവ്വശക്തിയുള്ള സ്നേഹവും, പരമോന്നതമായ അന്ത്യവും ആണ്, നീതിയുടേയും കരുണയുടേയും സൂര്യന്റെ പൂർണ്ണ - വൃത്തത്തിൽ വ്യാപിക്കുന്ന നമ്മുടെ "രക്ഷിതാവായ ദൈവത്തിന്റെ മനുഷ്യ സ്നേഹം" ആണ് - ചിന്തയിൽ രൂപപ്പെട്ടതും സകല സംഭവങ്ങളിലും വെച്ചു പൂർത്തീകരിക്കപ്പെട്ടതുമായ സംഭവമാണ്, കർത്താവായ യേശുവിന്റെ തികഞ്ഞ പരമാധികാരത്തെ അവരോധിച്ചിരിക്കുന്നത്, ദൈവത്തിന്റെ സകല സൃഷ്ടികളെയും വാഴുന്ന ഏകാധിപതിയായിട്ടാണ്. ... എങ്ങനെയായാലും, മനുഷ്യർ അതിനെ അനുയോജ്യമല്ലാത്ത രീതിയിൽ "പ്രപഞ്ചത്തിന്റെ വിപ്ലവം" എന്നു വിളിച്ചിരിക്കുന്നു. അതു, തീർച്ചയായും, ഒരു വലിയ നിത്യതയുടെ, പുതുയുഗമായ മഹത്തായ കാലഘട്ടം ആണ്. "യുഗങ്ങളുടെ പൂർത്തീകരണം". ... ഈ ക്രിസ്റ്റെനിങ്ങ് അല്ലെങ്കിൽ യേശുവിന്റെ അഭിഷേകം, പ്രപഞ്ചത്തിന്റെ മുഴുവൻ, തീർച്ചയായും, ഏകാധിപതിയായിരുന്നതു, ഏറ്റവും വലുതും, മഹത്തുമായ, പുറത്തുവന്നവയിൽ വെച്ചു ഉന്നതവുമായ സംഭവമായിരുന്നു.[70]

അവൻ ആരായിരുന്നു     അവൻ എവിടെ പോയി



അവൻ ആരായി തീർന്നു

*ഇപ്പോൾ* നമുക്ക് അറിയാം അവന്റെ ശ്രേഷ്ഠമായ മഹത്വം (വാ. 16)!

---

കുറിപ്പുകൾ

[1]പരിശുദ്ധാത്മാവു പൗലൊസിനെയും ബർന്നബാസിനേയും അയച്ചു ചെയ്യിച്ച പ്രവൃത്തികൾ സുവിശേഷകന്മാർ നോക്കേണ്ടതുണ്ട് (പ്രവൃത്തികൾ 13:1–3). വെറുതെ പോയി സുവിശേഷം പ്രസംഗിക്കുന്നതിൽ മാത്രം ഒതുങ്ങുന്നതായിരുന്നില്ല അവരുടെ പ്രവൃത്തി. അവർ പോയി സുവിശേഷം പ്രസംഗിക്കുകയും, വിശ്വസിച്ചവരെ സ്നാനപ്പെടുത്തുകയും, മാത്രമായിരുന്നില്ല ചെയ്തതു. അവർ പോയി, സുവിശേഷം പ്രസംഗിക്കയും, വിശ്വാസികളെ സ്നാനപ്പെടുത്തുകയും, ഇടവകകൾ സ്ഥാപിക്കുകയും ചെയ്തതു കൊണ്ട് അവരുടെ പ്രവൃത്തി പൂർത്തിയായിരുന്നില്ല. അവരുടെ പ്രവൃത്തി പൂർത്തിയായത് അവർ സുവിശേഷം പ്രസംഗിക്കയും, വിശ്വാസികളെ സ്നാനപ്പെടുത്തുകയും, ഇടവകകൾ സ്ഥാപിക്കുകയും, *അവർക്കുവേണ്ടി ഓരോ സഭയിലും മൂപ്പന്മാരെ നിയമിക്കുകയും* ചെയ്തപ്പോഴാണ്. (നോക്കുക പ്രവൃത്തികൾ 14:23, 26.) സുവിശേഷകന്മാർ സുവിശേഷം പ്രസംഗിക്കുവാൻ പോകുന്നതിൽ മാത്രം പലപ്പോഴും ഒതുങ്ങി നില്ക്കുന്നു. അതുകൊണ്ട് അവരെ പരിശീലിപ്പിക്കയും, അങ്ങനെ അവർ സേവിക്കുകയും ചെയ്തിരുന്നു. അതിന്റെ ഫലമായി, കർത്താവിന്റെ വേല ലോകത്തിലെ ഇടവകകളിൽ പൂർത്തിയാക്കാതെ അവർക്ക് വിട്ടിരിക്കുന്നു (നോക്കുക തിത്തൊസ് 1:5). [2]ആഗ്രഹം (ഗ്രീക്ക്.: *ഒറേഗോ*) – "... ഒരാൾ എന്തെങ്കിലും തൊടുവാനോ ഗ്രഹിക്കുവാനോ ഞെളിയുക, എത്തിപിടിക്കുക അല്ലെങ്കിൽ എന്തെങ്കിലും ആഗ്രഹിക്കുക" (സി. ജി. വിൽക്കേയും വിലിബാൾഡ് ഗ്രിം, *ഏ ഗ്രീക്ക് – ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ്*, ട്രാൻസ്. ആന്റ് റെവ. ജോസഫ് എച്ച്. തേയർ [എഡിൻബറോ, സ്ക്കോട്ട്ലന്റ്: റ്റി. & റ്റി. ക്ലാർക്ക്, 1901; റീപ്രിന്റ് എഡി., ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1977], 452). [3]"ഓവർസിയർ," എന്നതിന്റെ വാക്കായ *എപിസ്ക്കോപോസ്*, നിർവ്വചിച്ചിരിക്കുന്നത് "ഒരു മേൽവിചാരകൻ, മറ്റുള്ളവർ ചെയ്യുന്ന ജോലികൾ നന്നായി ചെയ്യുന്നുണ്ടോ എന്നു നോക്കുന്ന ഉത്തരവാദിത്വമുള്ളയാൾ, ഏതൊരു ഉത്തരവാദപ്പെട്ടയാൾ, രക്ഷകർത്താവു, അല്ലെങ്കിൽ മേൽ നോട്ടക്കാരൻ" (തേയർ, 243).

[4]വാഞ്ഛ (ഗ്രീക്ക്.: *എപിത്തുമെയോ*) – "... ഹൃദയത്തിൽ നിശ്ചയിക്കുക, ആഗ്രഹിക്കുക, മോഹിക്കുക, അതിയായി ആഗ്രഹിക്കുക" (ജി. അബോട്ട് – സ്മിത്ത്, *ഏ മാനുവൽ ഗ്രീക്ക് ലെക്സിക്കൻ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ്* [എഡിൻബറോ, സ്ക്കോട്ട്ലന്റ്: റ്റി. & റ്റി. ക്ലാർക്ക്, 1948], 170). [5]ആയിരിക്കണം (ഗ്രീക്ക്.: *ഡേയി, ഡെയോ* എന്നത് മൂന്നാം വ്യക്തിയെ കുറിക്കുന്ന ഏകവചനമാണ്). ഇംപെരേറ്റിവ് ഇതിനെ *എ മസ്റ്റ്* ആക്കുന്നു; *ഡെയോ* എന്നതിനർത്ഥം "ബന്ധിക്കുക, കെട്ടുക, മുറുക്കുക ... നിയമത്തിൻ കീഴിൽ കൊണ്ടുവരുക, കടമയിലാക്കുക" (തേയർ, 131). [6]അനിന്ദ്യൻ (ഗ്രീക്ക്.: *അനെപിലെപ്ടോസ്*) – "... കുറ്റമില്ലാത്ത ... നിന്ദക്കു വഴി കൊടുക്കാത്ത, നിന്ദിക്കപ്പെടാത്തവൻ" (തേയർ, 44); കുറ്റരഹിതൻ, കുറ്റമില്ലാത്തവൻ" (എഡ്വേർഡ് റോബിൻസൺ, *എ ഗ്രീക്ക് ആന്റ് ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ്* [ന്യൂയോർക്ക്: ഹാർപ്പർ & ബ്രദേഴ്സ്, 1863], 54). [7]വീഞ്ഞിനു അടിമപ്പെടൽ (ഗ്രീക്ക്.: *മി പാരോയിനോസ്*) – "മദ്യത്തിനു കീഴ്പ്പെടുന്നവൻ, മദ്യപാനി ... മദ്യപിച്ചു കലഹിക്കുക; അതുകൊണ്ടു, ശണ്ഠയിടുക, ചീത്ത വിളിക്കുക" (തേയർ, 490); "മദ്യത്താൽ, ... സംഭവിക്കുന്നത് അല്ലെങ്കിൽ മദ്യപാനം അധികമായാൽ സംഭവിക്കുന്നത്, മദ്യ ലഹരിയാൽ വഴക്കിടുക ... മദ്യപിച്ചു പാട്ടുപാടുക ... മദ്യത്തോടുകൂടെ ആയിരിക്കുക, മദ്യത്തിനു കീഴ്പ്പെടുക" (റോബിൻ സൺ, 558). [8]ജെ. ഡബ്ലിയു. മെക്കാർവേ, *ഏ ട്രീറ്റൈസ് ഓൺ ദ എൽഡർഷിപ്പ്* (എൻ. പി.: 1870; റീപ്രിന്റ്, മർഫ്രിസ്ബോറോ, ടെന്നസി.: ദെഹോഫ് പബ്ലിക്കേഷൻസ്, 1950), 61. [9]പഗേഷിയസ് (ഗ്രീക്ക്.: *പ്ലേക്റ്റെസ്*) – "... മുഷ്ടിയുദ്ധക്കാരൻ, അടിക്കുവാൻ തയ്യാറുള്ളവൻ; ... ശണ്ഠയിടുന്നവൻ, വഴക്കിടുന്ന വ്യക്തി" (തേയർ, 516–17); "... അടിക്കുവാൻ സമർത്ഥൻ, ഒരു വഴക്കാളി" (റോബിൻസൺ, 589). [10]കലഹപ്രിയൻ അരുത് (ഗ്രീക്ക്.: *അമാക്കോസ്*) – പാസിവ്: "... പോരാടാതെ, കീഴ്പ്പെടുത്താത്തവൻ..."; പ്രവർത്തിക്കുന്ന: "ആക്രമിക്കാത്ത ..."; തീവ്രമായ: "ശണണ്ഠയിടാത്ത, വഴക്കിടാത്തവൻ" (റോബിൻസൺ, 36).

[11]*വെബ്സ്റ്റേഴ്സ് അൺഅബ്രിഡ്ജ്ഡ് ഡിക്ഷ്ണറി*, 1983 എഡി., എസ്.വി. "കലഹപ്രിയൻ." [12]ആദ്യത്തെ മൂന്നു നിഷേധ പദപ്രയോഗങ്ങളുടെ സാമ്യത ശ്രദ്ധിക്കുക. അത്തരം ഒരു വ്യക്തി ആവേശമുള്ളവനും അസഭ്യമായവനും ആയി തിരിയുവാൻ സാധ്യതയില്ലേ? അയാൾ സമ്മർദ്ദത്തിനു ഇരയാകുകയില്ലേ? [13]ദ്രവ്യാഗ്രഹമില്ലാത്തവൻ (ഗ്രീക്ക്.: *അഫിലാർഗുരോൺ*) – "പണത്തെ സ്നേഹിക്കാതിരിക്കുക, ദുരാഗ്രഹമില്ലാത്തവൻ" (തേയർ, 89); "അത്യാഗ്രഹമില്ലാത്തവൻ" (റോബിൻസൺ, 113). [14]പുതിയ ശിഷ്യൻ (ഗ്രീക്ക്.: *നിയോഫുട്ടോസ്*) – "... പുതിയതായി – നട്ട ... പുതിയതായി മതപരിവർത്തനം ചെയ്യപ്പെട്ടയാൾ ... പ്രാരംഭകൻ ... അടുത്ത സമയത്തു ക്രിസ്ത്യാനിയായി തീർന്നവൻ" (തേയർ, 424). [15]തന്നി – ഷ്ടക്കാരൻ (ഗ്രീക്ക്.: *ആതാടെസ്*) – "... സ്വയം – പ്രസാദിപ്പിക്കൽ, സ്വന്തം – ഇഷ്ടക്കാരൻ, ധിക്കാരി" (തേയർ, 83); "... സ്വയാ – ശ്രയക്കാരൻ; ... അഹങ്കാരമുള്ളവൻ" (റോബിൻസൺ, 106). [16]മുൻ – കോപി (ഗ്രീക്ക്.: *ഓർജിലോസ്*) – "കോപത്തിലേക്കു തിരിയുക, പെട്ടെന്നു – കോപിക്കുന്നവൻ" (വാൾട്ടർ ബാവെർ, *എ ഗ്രീക്ക് – ഇംഗ്ലീഷ് ലെക്സിക്കൺ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ് ആന്റ് അതർ ഏർളി ക്രിസ്ത്യൻ ലിറ്ററേച്ചർ*, 2 ഡി എഡി., റെവ. വില്യം എഫ്. അണ്ട് ആന്റ് എഫ്. വിൽബർ ജിൻജ്റിച്ച് [ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രെസ്, 1957], 583); "... കോപത്തിനിരയാകുക, മുൻകോപമുള്ള"

(തേയർ, 452). [17]ഏക ഭാര്യയുടെ ഭർത്താവു (ഗ്രീക്ക്.: മിയാസ് ഗുനയിക്കോസ് ആന്ദ്രാ) - അക്ഷരികമായി, "ഒരു സ്ത്രീയുള്ള പുരുഷൻ." [18]ജെ. ഡബ്ലിയു. മെക്കാർവേ, "ചർച്ച് ഗവൺമെന്റ്," *ദ മിസൂറി ക്രിസ്റ്റ്യൻ ലെക്ച്ചേഴ്സ്, 1889–91* (സെന്റ്. ലൂയിസ്: ക്രിസ്റ്റ്യൻ പബ്ലിഷിങ്ങ് കമ്പനി., 1892), 191. [19]ഈ കാര്യങ്ങളെ സംബന്ധിച്ച തീരുമാനങ്ങൾ സ്ഥിരമായിരിക്കണം. ഉദാഹരണമായി, ഒരു മൂപ്പന്റെ ഭാര്യ മരിച്ചുപോയാൽ എന്തു ചെയ്യും? അയാൾ രാജി വെക്കണോ? അയാൾ അപ്പോൾ യോഗ്യത കുറഞ്ഞവനാകുമോ? അവന്റെ വേലയിൽ അതു തടസമാകുമോ (പ്രത്യേകിച്ചു ഗുണദോഷിക്കേണ്ട സാഹചര്യം വരുമ്പോൾ)? ഒരാൾക്കു മൂപ്പൻ ആകുവാൻ യോഗ്യതയുണ്ട് എന്നാൽ അയാളുടെ ഭാര്യ മരിച്ചാൽ, അയാളെ നിയമിക്കാമോ? ഒരു മൂപ്പന്റെ ഭാര്യ ജീവിച്ചിരിക്കയും, എന്നാൽ അയാളുടെ വിശ്വാസത്തിലായ രണ്ടു മക്കൾ കൊല്ലപ്പെടുകയും ചെയ്താലോ? അയാൾ പിന്നെ യോഗ്യതയുള്ളവനല്ലേ? ഒരു മൂപ്പന്റെ ഭാര്യ മരിക്കയും ഇടവക അയാൾ രാജി വെക്കണമെന്നു വിശ്വസിക്കയും ചെയ്താൽ, അയാൾ തന്റെ സേവനത്തിൽ തന്നെ തുടരണമെന്നു ശഠിക്കുന്നതു ബുദ്ധിയാണോ? [20]ജിതേന്ദ്രിയൻ (ഗ്രീക്ക്.: *നെഫലിയോസ്*) – "... സുബോധമുള്ള, ... വീഞ്ഞിൽ നിന്നു വിട്ടു നില്ക്കുക, ഒന്നുകിൽ മുഴുവനായി ... അല്ലെങ്കിൽ ചുരുങ്ങിയതു അതിന്റെ അമിത ഉപയോഗം ഒഴിവാക്കുക" (തേയർ, 425); ".... സമചിത്തത, ശ്രദ്ധിക്കുന്നവൻ, നിയന്ത്രിക്കുന്നവൻ" (റോബിൻസൺ, 480).

[21]സുബോധം ഉള്ളവൻ (ഗ്രീക്ക്.: *സോഫ്റോൺ*) – "... ശക്തമായ മനസ്സുള്ളവൻ, വിവേകമുള്ള, ഒരാളുടെ മനസിൽ ... ആഗ്രഹങ്ങളെയും ആവേശങ്ങളെയും അടക്കുന്നവൻ, സ്വയ - നിന്ത്രണമുള്ളവൻ, സമചിത്തൻ" (തേയർ, 613); "കാര്യകാരണങ്ങളെ വിവേചിച്ചു ഒരാളുടെ അഭിലാഷങ്ങളെ അടക്കൽ ... സമചിത്തൻ, സമാധാനമുള്ളവൻ, അതായതു., മനസ്, ആഗ്രഹങ്ങൾ, അഭിലാഷങ്ങൾ എന്നിവ നല്ല നിയന്ത്രണമുള്ളതും സമാധാനമുള്ളതുമായിരിക്കുക" (റോബിൻസൺ, 707). [22]ബഹുമാനിക്കത്തക്കവൻ (ഗ്രീക്ക്.: *കോസ്മിയോസ്*) – "... നല്ല - ക്രമമുള്ള, ഉചിതമായ, അനുയോജ്യമായ, ധാർമ്മികതയിലുള്ള ബഹുമാനം" (റോബിൻസൺ, 409); "നന്നായി ഏർപ്പെടുത്തിയ, കാഴ്ച്ചയിൽ ... മാന്യമായി ജീവിക്കുന്ന മനുഷ്യൻ, അച്ചടക്കം - ഉള്ള ജീവിതം നയിക്കുന്ന ആൾ" (തേയർ, 356). [23]അതിഥി പ്രിയൻ (ഗ്രീക്ക്.: *ഫിലാക്സേനോസ്*) – "... അതിഥികളോടു ഉദാരവാനായിരിക്കുക, അതിഥി സൽക്കാരം നല്കുക" (തേയർ, 654); "അന്യരെ സ്നേഹിക്കുക" (റോബിൻസൺ, 763). [24]ഓട്ടോ ഫോസ്റ്റർ, *സ്ക്രിപ്ചറൽ ഗവൺമെന്റ് ഓഫ് ദ ചർച്ച്* (ഡിലൈറ്റ്, ആർക്ക്.: ഗോസ്പൽ ലൈറ്റ് പബ്ലിഷിങ്ങ് കമ്പനി., 1948), 16–17. [25]പഠിപ്പിക്കുവാൻ സമർത്ഥൻ (ഗ്രീക്ക്.: *ഡിഡാക്റ്റിക്കോസ്*) – "ഉപദേശത്തിൽ സാമർത്ഥ്യമുള്ളവൻ ... ഒരാൾക്ക് പഠിപ്പിക്കുവാനുള്ള ഗുണം, ശിക്ഷണക്ഷമത" (തേയർ, 144). [26]മെക്ക്ഗാർവേ, "ചർച്ച് ഗവൺമെന്റ്," 193. [27]ശാന്തൻ (ഗ്രീക്ക്.: *എപ്പിയെയിക്കേസ്*) – "കാണപ്പെടുക, യോജിച്ച ... ചേർച്ചയുള്ള, നല്ല, മൃദുവായ, ..." (തേയർ, 238). [28]കുടുംബം (ഗ്രീക്ക്.: *ഓയ്ക്കൗ, ഓയിക്കോസ്* എന്നതിന്റെ സിംഗുലർ ജെനറ്റിവ് ആണ്) – "ഒരു വീട്... ഏതെങ്കിലും വാസ സ്ഥലം ... ഒരാൾ തന്റെ വീട് വച്ചിരിക്കുന്ന സ്ഥലം, ഒരാളുടെ ഭവനം, പാർപ്പിടം ... ഒരു വീട്ടിൽ താമസിക്കുന്നവർ, ഒരു കുടുംബമായി തീരുന്ന എല്ലാ ആളുകളും, ഒരു കുടുംബം ... ഒരാളുടെ പിൻഗാമികൾ" (തേയർ, 441). [29]ഭരിക്കുക (ഗ്രീക്ക്.: *പ്രോയിസ്റ്റമേനോൻ, പ്രോയിസ്റ്റമി* എന്നതിന്റെ പ്രെസന്റ്

മിഡിൽ പാർട്ടിസിപ്പിൾ ആണ് ഉപയോഗിച്ചത്) – "കടക്കുക, നയിക്കുക, ... എന്തിനെയും കരുതുക, ഉത്സാഹിക്കുക, പരിശീലിക്കുക, നിലനിർത്തുക" (റോബിൻസൺ, 620); "സംരക്ഷകനാവുക അല്ലെങ്കിൽ രക്ഷാധികാരി ആവുക; സഹായം നൽകുക ... കരുതുക, ശ്രദ്ധ കൊടുക്കുക" (തേയർ, 539). [30]കീഴ്പ്പെടൽ (ഗ്രീക്ക്.: *ഹുപോറ്റേജ്*, *ഹുപോട്ടസോയിൽ* നിന്നു 2 അയോറിസ്റ്റ് സബ്ജക്റ്റിവ് പാസിവ് ആണ് ഉള്ളത്) – ഈ പാസിവ് സൂചിപ്പിക്കുന്നത് ഒരാളുടെ ഭരണ മാതൃകയെയാണ്; എഫെസ്യർ 6:4; കൊലൊസ്യർ 3:21 ശ്രദ്ധിക്കുക. ആ വാക്കിന്റെ അർത്ഥം "ഏർപ്പെടുത്തുക അല്ലെങ്കിൽ ഒരാളെ കീഴ്പ്പെടുത്തുക ... കീഴിലാക്കുക, കീഴടക്കുക; ... അനുസരിക്കുവാനുള്ള ... കീഴ്പ്പെടലാണ്" (റോബിൻസൺ, 752); "ഒരാളുടെ നിയന്ത്രണത്തിനു വിധേയനാകുക; ഒരാളുടെ പ്രബോധനത്തിനും ഉപദേശത്തിനും പറ്റിച്ചേരുക" (തേയർ, 645).

[31]നിർമ്മലത (ഗ്രീക്ക്.: *സെമ്നോറ്റ്സ്*) – "... ഗാംഭീര്യം, മഹത്വം, വിശുദ്ധത ... ആദരവു, നിഷ്കളങ്കത്വം, നൈർമ്മല്യം" (തേയർ, 573). [32]തേയർ, 511. ക്രിസ്തുവിനോടു ചേരുവാൻ സുവിശേഷം അനുസരിച്ച വ്യക്തികളെ കുറിച്ചാണ് പുതിയ നിയമത്തിൽ ആ വാക്ക് ആവർത്തിച്ചു പറഞ്ഞിരിക്കുന്നത് (പ്രവൃത്തികൾ 4:4; 15:9). അത്തരം വിശ്വാസം സ്നാനത്തിലേക്കും അനുസരണത്തിലേക്കും നയിക്കും (പ്രവൃത്തികൾ 2:37–42, 47; 5:14). [33]ദുർന്നടത്ത (ഗ്രീക്ക്.: *അസോറ്റിയ*) – "കാമാസക്തി, വെറിക്കൂത്ത്, കുഴപ്പം" (റോബിൻസൺ, 104); "... ഉപേക്ഷിക്കപ്പെട്ട മനുഷ്യൻ, രക്ഷിക്കപ്പെടാൻ കഴിയാത്തവൻ ... തിരുത്താനൊക്കാത്ത പാപത്തിലായവൻ ... ഉപേക്ഷിക്കപ്പെട്ട, ഒറ്റപ്പെട്ട ജീവിതം നയിക്കുന്നവൻ; ദുർന്നടപ്പുള്ള, പശ്ചാത്തപിക്കുന്ന" (തേയർ, 82). [34]മത്സരിക്കുന്ന (ഗ്രീക്ക്.: *അനുപൊട്ടാക്റ്റോസ്*) – "... നിയന്ത്രണത്തിനു കീഴ്പ്പെടുവാൻ കഴിയാത്തവൻ, അനുസരണമില്ലാത്തവൻ, ക്രമം കെട്ടവൻ, വഴങ്ങാത്ത" (തേയർ, 52). [35]ഈ ചോദ്യത്തെ സംബന്ധിച്ചു കൂടുതൽ പൂർണ്ണമായ ചർച്ച ഡേയിറ്റൻ കെസിയുടെ, *ഏ റീ – ഇവാല്യേഷൻ ഓഫ് ദ എൽഡർഷിപ്പ്* എന്ന പുസ്തകത്തിലുണ്ട് (അബിലിൻ, ടെക്സ്.: ക്വാളിറ്റി പബ്ളിക്കേഷൻസ്, 1967), 30–36. [36]നല്ല സാക്ഷ്യം (ഗ്രീക്ക്.: *മാർട്ടൂറിയ*) – "... ഒരാൾ പരിശോധിക്കുന്നതു ... സന്മാർഗമായ അർത്ഥത്തിൽ, ഒരാളുടെ സ്വഭാവത്തെ സംബന്ധിച്ച സാക്ഷ്യം" (തേയർ, 391). [37]ഫോസ്റ്റർ, 22. [38]നല്ലതിനെ സ്നേഹിക്കുക (ഗ്രീക്ക്.: *ഫിലഗാത്തോൺ*) – "... നന്മയെ സ്നേഹിക്കൽ" (തേയർ, 653); "... നന്മയെ, നീതിയെ സ്നേഹിക്കുന്നവൻ" (റോബിൻസൺ, 761). [39]നീതിമാൻ (ഗ്രീക്ക്.: *ഡിക്കയിയോസ്*) –"... തന്റെ ഓരോ കടവും കൊടുക്കൽ ... മറ്റുള്ളവരെ വിധിക്കൽ, വാക്കുകളാൽ പ്രകടിപ്പിക്കുന്നതു അല്ലെങ്കിൽ അവയുമായി ഇടപെടുന്ന രീതി" (തേയർ, 149); "... കർശന നീതിയോടെ ... ശരിയായ വഴിയിൽ, ഒരാൾ ആകേണ്ടതുപോലെ ആകുക" (റോബിൻസൺ, 185). [40]ഭക്തിയുള്ള (ഗ്രീക്ക്.: *ഹോസിയോസ്*) – "... പാപത്താൽ മലിനപ്പെടാത്തവൻ, ദുഷ്ടത കലരാത്തവൻ, മതപരമായി എല്ലാ ധാർമ്മിക ചുമതലയും നിറവേറ്റുന്ന, നിർമ്മലൻ, വിശുദ്ധൻ, ഭക്തിയുള്ളവൻ" (തേയർ, 456).

[41]ജിതേ – ന്ദ്രിയൻ (ഗ്രീക്ക്.: *എഗ്ക്രെയിറ്റെസ്*) – "യജമാനത്വം നടത്തൽ, നിയന്ത്രിക്കൽ, അടക്കൽ, അടക്കം പാലിക്കൽ ... ഒരാളുടെ സ്വാർത്ഥത നിയന്ത്രിക്കൽ, അച്ചടക്കം വരുത്തൽ, ജിതേന്ദ്രിയത്വം" (തേയർ, 167). [42]ഫോസ്റ്റെർ, 26. [43]ഏ. എൽ. ഡെവെനി, *ദ ചർച്ച് ആന്റ് ഇറ്റ്സ് എൽഡേഴ്സ്* (ആസ്റ്റിൻ, ടെക്സ്.: പ്രെസ് ഓഫ് വോൺ ബോയേക്ക്മാൻ – ജോൺസ് കമ്പനി., 1941), 48.

[44]മൂപ്പന്മാരുടെ പങ്കിനെ കുറിച്ചു കൂടുതൽ വിവരങ്ങൾ കെസി യിലുള്ള, *ഏ റീ - ഇവാലേഷൻ ഓഫ് ദ എൽഡെർഷിപ്പ്*, 11–24–ൽ കൊടുത്തിട്ടുണ്ട്. [45]റോൺ ഡി. സ്മോതർമാൻ, "ഡീക്കൺസ് വർക്ക് ആസ് റിഫ്ളെക്റ്റഡ് ഇൻ ദ ഏർലി ചർച്ച്," *ക്രിസ്റ്റ്യൻ ബൈബിൾ ടീച്ചർ* (ജൂലൈ 1974): 284. [46]ശുശ്രൂഷകന്മാർ (ഗ്രീക്ക്.: *ഡയാക്കൊണോയി*) – സേവനത്തിനുള്ള മറ്റു ഗ്രീക്കു വാക്കുകളിൽ നിന്നു സ്നേഹത്താൽ നടത്തുന്ന ശുശ്രൂഷയായി *ഡയാക്കൊണിയ* എന്നതിനെ സ്മോതർമാൻ തിരിച്ചറിയുന്നുണ്ട്; അതായതു സ്വയമായി ചെയ്യുന്ന സേവനം (സ്മോതർമാൻ, 284). [47]ഘനശാലി (ഗ്രീക്ക്.: *സെംനോസ്*) – "... ആദരിക്കുന്ന, ബഹുമാനിക്കുന്ന, ഗാംഭീര്യമുള്ള ... ധീരതയുള്ള, ഗൗരവമുള്ള" (അബോട്ട് – സ്മിത്ത്, 404); "സ്വഭാവ വൈശിഷ്ട്യത നേടിയവൻ, ആദരിക്കത്തക്ക (തേയർ, 573); "ആദരിക്കുന്നവൻ, ബഹുമതിയുള്ള ആൾ ... മറ്റുള്ളവരെ, ധൈര്യശാലി, ഗൗരവമുള്ള ആൾ" (റോബിൻസൺ, 659). [48]ഇരു – വാക്കുകാർ (ഗ്രീക്ക്.: *ഡിലോ ഗോസിൽ* നിന്നും, *മി ഡിലോഗൗസ്*) – "... ഒരു കാര്യം രണ്ടു പ്രാവശ്യം പറയൽ, ആവർത്തനം ... രണ്ടു സംസാരം, ഒരാളോടു ഒന്നു പറയുകയും, വേറൊരാളോടു വേറൊന്നു പറയുകയും ചെയ്യൽ (വഞ്ചിക്കുന്ന ഉദ്ദേശത്തോടെ)" (തേയർ, 152); "... ഒന്നു പറയുകയും വേറൊന്നു അർത്ഥമാക്കുകയും ചെയ്യൽ" (റോബിൻസൺ, 186). [49]മദ്യപ്രിയൻ അരുത് (ഗ്രീക്ക്.: *മി ഓയിനോ പോളോ പ്രോസെക്കോണ്ടസ്*) – അക്ഷരികമായി "അമിത മദ്യത്തിനു [ബന്ധപ്പെടാതെ] കീഴ്പ്പെടാതിരിക്കുക." അത് പ്രവൃത്തിയെ കടന്ന് ചിന്തയെ പിന്നിലാക്കുന്നു, കാരണം ഗ്രീക്കു വാക്ക് *പ്രോസെക്കോ* എന്നതിലും ഉള്ള ആശയം "അതിൽ നിന്നു ഒരാളുടെ മനസ്സിനെ മാറ്റുക" എന്നാണ് (അബോട്ട് – സ്മിത്ത്, 385). [50]ദുർല്ലാഭ മോഹി (ഗ്രീക്ക്.: *മി അയിസ്ക്രൊകെർഡെയിസ്*) – "അയോഗ്യമായ രീതിയിൽ സമ്പാദിക്കുവാനുള്ള ആഗ്രഹം" (റോബിൻസൺ, 18–19); "നേരല്ലാത്ത രീതിയിൽ സമ്പാദിക്കൽ, മലിന മാർഗ്ഗത്തിൽ നേടുവാനുള്ള ആഗ്രഹം" (തേയർ, 17).

[51]മർമ്മം (ഗ്രീക്ക്.: *മസ്റ്റെറിയോൺ*) – "... സുവിശേഷത്തിന്റെ മർമ്മം, ക്രിസ്തീയ ഭരണനിർവ്വഹണം, മുൻകാലങ്ങളിൽ മറഞ്ഞു കിടന്നതും പിന്നീട് വെളിപ്പെട്ടതും" (റോബിൻസൺ, 473–74); "... യേശുക്രിസ്തു മൂലം മനുഷ്യരെ രക്ഷിക്കുന്നതിനുള്ള ദൈവത്തിന്റെ പദ്ധതി, ഒരിക്കൽ മറഞ്ഞുകിടന്നതു എന്നാൽ ഇപ്പോൾ വെളിപ്പെടുത്തിയിരിക്കുന്നു" (തേയർ, 420). [52]മനസാക്ഷി (ഗ്രീക്ക്.: *സുനൈഡെസിസ്*) – "ധാർമ്മികമായി തെറ്റും ശരിയും വേർതിരിച്ചറിയുന്ന ആത്മാവു, രണ്ടാമത്തേതിനെ തള്ളി ഒന്നാമത്തേതു ചെയ്യുക, ഒന്നിനെ പ്രശംസിക്കുകയും, മറ്റൊന്നിനെ നിഷേധിക്കുകയും ചെയ്യുക; ..." (തേയർ, 602). [53]ഏ. റ്റി. റോബർട്ട്സൺ, *വേഡ് പിക്ച്ചേഴ്സ് ഓഫ് ദ ന്യൂ ടെസ്റ്റമെന്റ്*, വാല്യം. 4 (ന്യൂയോർക്ക്: ഹാർപ്പർ ആന്റ് ബ്രദേഴ്സ്, 1932), 574. [54]അനിന്ദ്യൻ (ഗ്രീക്ക്.: *അനെഗ്ലെറ്റോസ്*) – "... കണക്കിലെടുക്കുവാൻ പറ്റാത്ത, തർജ്ജനം ചെയ്യുവാനില്ലാത്ത, കുറ്റപ്പെടുത്തുവാനില്ലാത്ത, കുറ്റമറ്റ" (തേയർ, 44). [55]തെളിയിക്കപ്പെട്ട (ഗ്രീക്ക്.: *ഡോക്കിമാസേസ്തോസൻ*, എന്നതു *ഡോക്കിമാസോ*യുടെ തേഡ് പേർസൺ പാസിവ് പ്രെസന്റ് ഇംപെരേറ്റിവ് ആയിട്ടാണ് ഉള്ളത്) – ഇതൊരു ഇമ്പറേറ്റിവ് ആണെന്നുള്ള വസ്തുത ഈ "തെളിയിക്കൽ" സുബോധമുള്ള ശ്രദ്ധയോടെയാണ് ചെയ്തതെന്നു ഉറപ്പിക്കുന്നു. *ഡോക്കിമാസോ* എന്നതിന്റെ അർത്ഥം "ശ്രമിക്കുക ... പരിശോധിക്കുക, ... തീയിൽ ശോധന കഴിക്കുക ...

വിധിക്കുക, നിർണ്ണയിക്കുക, അംഗീകരിക്കുക, യോജിച്ച വിധി നടത്തുക" (റോബിൻസൺ, 188). [56]ഭരിക്കുക (ഗ്രീക്ക്.: *പ്രോയിസ്റ്റെമി*) – "മുകളിലായി, നയിക്കുക, ... എന്തും കരുതുക, ഉത്സാഹിക്കുക, പരിശീലിക്കുക, നിലനിർത്തുക" (റോബിൻസൺ, 620); "സംരക്ഷകൻ ആകുക അല്ലെങ്കിൽ രക്ഷകർത്താവാകുക; സഹായം നല്കൽ ... കരുതലോടെ, ശ്രദ്ധിക്കൽ" (തേയർ, 539). [57]നന്നായി (ഗ്രീക്ക്.: *കാലോസ്*) – "... മനോഹരമായി ... ശ്രേഷ്ഠമായി, ശരിയായി, അതിനാൽ കുറ്റപ്പെടുത്തുവാൻ കഴിയാതിരിക്കുക ... ബഹുമാനത്തോടെ, ആദരവിൽ" (തേയർ, 323). [58]സ്ത്രീകൾ (ഗ്രീക്ക്.: *ഗുണായിക്കാസ്, ഗുനേയിൽ* നിന്നുള്ള അകുസേറ്റിവ് പ്ലൂറൽ) – "... ഏതു പ്രായത്തിലുമുള്ള ഒരു സ്ത്രീ, ഒന്നുകിൽ കന്യകയോ, വിവാഹിതയോ അല്ലെങ്കിൽ ഒരു വിധവയോ ... ഒരു ഭാര്യ [നോക്കുക 1 കൊരിന്ത്യർ 7:3, 10, 13] ... വിവാഹം നിശ്ചയിച്ച ഒരു സ്ത്രീ [നോക്കുക മത്തായി 1:20, 24]" (തേയർ, 123). [59]ഏഷണി (ഗ്രീക്ക്.: *മി ഡയാബൊളസ്*) – "... പരദൂഷണത്തിലേർപ്പെടുക, ... തെറ്റായി കുറ്റപ്പെടുത്തുക" (തേയർ, 135); "ഒരു ആരോപകൻ, കുറ്റപ്പെടുത്തുന്നവൻ, ദൂഷണം പറയുന്നവൻ" (റോബിൻസൺ, 168). [60]റോബെർട്ട്സൺ, 575.

[61]സുബോധമുള്ളവൻ (ഗ്രീക്ക്.: *നെഫാലിയോസ്*; അബോട്ട് – സ്മിത്ത്) – "... സുബോധമുള്ള, ... മദ്യം ഉപേക്ഷിച്ച, പൂർണ്ണമായോ ... അല്ലെങ്കിൽ അമിതമായ ഉപയോഗത്തിൽ നിന്നു ചുരുങ്ങിയതു വിട്ടു നില്ക്കുക" (തേയർ, 425); "... സുബോധ മനസ്സുള്ള, ശ്രദ്ധിക്കുന്ന, കാത്തുകൊള്ളുന്നവൻ" (റോബിൻസൺ, 480). [62]ജെയിംസ് ബർട്ടൻ കോഫ്മാൻ, *1 ഉം 2 ഉം തെസലൊനിക്യർ, 1 ഉം 2 ഉം തിമൊഥെയൊസും, തിത്തൊസും ഫിലേമോനും* (ആസ്റ്റിൻ, ടെക്സ്.: ഫേം ഫൗണ്ടേഷൻ പബ്ലിഷിങ്ങ് ഹൗസ്, 1978), 182–84. [63]ഏ. സി. ഹെർവെ, "1 തിമൊഥെയൊസ്," *ദ പുൾപ്പിറ്റ് കമ്മെന്ററി* യിൽ, എഡി. എച്ച്. ഡി. എം. സ്പെൻസ് ആന്റ് ജോസഫ് എസ്. എക്സെൽ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1950), 21:53. [64]സ്മോതർമാൻ, 284–85. [65]പെരുമാറുക (ഗ്രീക്ക്.: *അനസ്ട്രെഫോ*) – ''... കീഴ്മേൽ മറിയുക, തിരിയുക ... പെരുമാറുക, ... ചില പ്രത്യേക തത്വങ്ങൾ പരിശീലിക്കുക എന്ന അർത്ഥത്തിൽ ... ശക്തിയോടും ധൈര്യത്തോടും ഒരാൾ പെരുമാറുക ... ദൈവത്തിന്റെ ഭവനത്തിൽ, 1 തിമൊഥെയൊസ് 3:15 ... നിർമ്മല മനസ്സോടെയും വിശുദ്ധിയോടെയും ജീവിക്കുക ..." (ആമ്ണ്ട് ആന്റ് ജിംജ്റിച്ച്, 60–61). [66]വില്യം ബാർക്ക്‌ലേ, *ദ ലറ്റേഴ്സ് ടു തിമൊഥെയൊസ്, തിത്തൊസ് ആന്റ് ഫിലേമോൻ,* ദ ഡെയിലി സ്റ്റഡി ബൈബിൾ സീരീസ്, റെവ. എഡി. (ഫിലദെൽഫിയ: വെസ്റ്റ്മിൻസ്റ്റർ പ്രെസ്, 1960), 102–3. [67]പൊതുവായ സ്വീകാരം (ഗ്രീക്ക്.: *ഓമോലോഗമെനോസ്*) – "... എല്ലാവർക്കും പൊതുവായ, വൈപരീത്യം കൂടാതെ, ഏറ്റു പറയുവാൻ കഴിയുന്ന" (തേയർ, 446). [68]വലിയ (ഗ്രീക്ക്.: *മെഗാസ്*) – "... ശ്രേഷ്ഠമായ ... സമൃദ്ധമായ ... ഇന്ദ്രിയങ്ങളെ ശക്തമായി സ്വാധീനിക്കുന്ന സ്വാഭാവിക സംഭവങ്ങൾ ... കാണാവുന്നതും വിസ്മയാവഹവുമായവ ... കഴിവുറ്റ, ഗുണങ്ങൾ ഉള്ള, അധികാരവും ശക്തിയുമുള്ള, ആളുകളിൽ സംഭവിക്കുന്നത് ... യേശുവിന്റെ പ്രതാപമുള്ള വ്യക്തി, മശിഹയും ... അവന്റെ മുൻസ്ഥാന സ്വാധീനവും ... അവയുടെ പ്രാധാന്യത്തിന് ഉയർത്തുന്ന വിധം ... വലിയ നിലയിൽ ഒരുക്കിയത്" (തേയർ, 594–95). [69]ക്രിസ്തു ജഡത്തിൽ വെളിപ്പെട്ടതിനെ കുറിച്ചും ആത്മാവിൽ നീതീകരിക്കപ്പെട്ടതിനെ കുറിച്ചും, വില്യം ഹെൻഡ്രിക്ക്സെൻ പറ

ഞ്ഞു, "'ആത്മാവും' 'ജഡവും' യോജിച്ചത് വചനപ്രകാരമുള്ള വാറന്റ് ആണ്. ശ്രദ്ധിക്കുക: 'വചനം *ജഡമായി* ഒരു കൂടാരത്തിൽ നമുക്ക് ഇടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസ്, പിതാവിൽ നിന്നു ഏകജാതനായവന്റെ തേജസായി കണ്ടു, കൃപയും സത്യം നിറഞ്ഞവനായി ... യോഹന്നാൻ അവനെ സാക്ഷീക രിച്ചു, പറഞ്ഞു, എന്റെ പിന്നാലെ വരുന്നവൻ എനിക്കു മുമ്പനായി തീർന്നു, *ആത്മാവു* ഒരു പ്രാവെന്ന പോലെ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങി അവന്റെ മേൽ വരുന്നതു ഞാൻ കണ്ടു' (യോഹന്നാൻ 1:14, 32; ഒത്തു വാക്യം 3:34). അങ്ങനെ പരിശുദ്ധാത്മാവിനാൽ അവൻ അഭിഷിക്തനായി (സങ്കീർത്തനങ്ങൾ 2:2; 45:7; മത്തായി 3:16; മർക്കൊസ് 1:10; ലൂക്കൊസ് 3:22; പ്രവൃത്തികൾ 4:27; 10:38), അവന്, 'ജഡത്തിൽ' വസിച്ചുകൊണ്ട് (ബലഹീന മനുഷ്യ സ്വഭാവത്തിൽ), അത്ഭുത ങ്ങൾ ചെയ്യുവാനും, ഭൂതങ്ങളെ പുറത്താക്കുവാനും, തുടങ്ങിയവ ചെയ്യുവാൻ കഴിഞ്ഞു. (മത്തായി 12:28). എല്ലാ ശക്തിയോടും കൂടെ അവൻ *നീതി* സ്ഥാപിച്ചു, തീർച്ചയായും പരിശുദ്ധാത്മാവു ഈ ശക്തി ഒരു പാപിക്കു നല്കുമായിരുന്നില്ല (യോഹന്നാൻ 9:31). എന്നാൽ പ്രത്യേകിച്ചു തന്റെ *മരണത്തിൽ നിന്നുള്ള ഉയിർത്തെഴുന്നേല്പിനാലാണ്* യേശു ദൈവപുത്രനായിരുന്നു എന്ന യേശുവിന്റെ അവകാശത്തെ ആത്മാവു *പൂർണ്ണമായി* സ്ഥിരീകരിച്ചത് (റോമർ 1:4)" (വില്യം ഹെൻഡ്രിക്സൺ, *എ കമെന്ററി ഓൺ 1 ആന്റ് 2 തിമൊഥി ആന്റ് തിത്തൊസ്* [ലണ്ടൻ: ദ ബാനർ ഓഫ് ട്രൂത്ത് ട്രസ്റ്റ്, 1964], 140). [70]അലെക്സാണ്ടർ കാമ്പെൽ, "ജസ്റ്റിഫിക്കേഷൻ ആന്റ് കൊറൊനേഷൻ ഓഫ് ദ മെസയ്യ," *എ കളക്ഷൻ ഓഫ് ഒറിജിനൽ സെർമൺസ്* (ലൂയിസ്‌വില്ല, കെന്റക്കി.: മോർട്ടൻ ആന്റ് ഗ്രിസ്‌വേൾഡ്, 1851), 438.